

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി. പി12/1602/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 15/10/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി. പി12/1602/25

തീയ്യതി: 15/10/2025

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-10-2024 മുതൽ 09-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു.പി.	ഡെപ്യൂട്ടി ഡയറക്ടർ	10-09-2025	22-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
10-09-2025	22-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബിജു ആന്റണി.യു. ഓഡിറ്റ് ഓഫീസർ

അനില.സി.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ

നൗഫർ.എൻ.എച്ച്. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. രാജിക. സി.	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി. സുപ്രിയ.എ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2024	29-04-2024
ശ്രീ. ജയപ്രകാശ്	സെക്രട്ടറി	30-04-2024	09-09-2024
ശ്രീ. ആഷിഫ്.പി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	10-09-2024	09-10-2024
ശ്രീ. സജി.എസ്.	സെക്രട്ടറി	10-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പുഷ്പാകരൻപിള്ള	അസി. സെക്രട്ടറി	01-04-2024	29-04-2024
ശ്രീ. സാജിദ്.എം.കെ.	അസി. സെക്രട്ടറി	30-04-2024	03-09-2024
ശ്രീ. പുഷ്പാകരൻപിള്ള	അസി. സെക്രട്ടറി	04-09-2024	13-10-2024
ശ്രീ. സന്തോഷ് കുമാർ	അസി. സെക്രട്ടറി	14-10-2024	31-03-2025
ശ്രീമതി. അമറുന്നീസ പിലാത്തോടൻ	അസി. എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി.ചിത്രാ ഭാസ്കരൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	09-08-2024

ശ്രീമതി. ജിസ എസ്.	ഐ..സി.ഡി.എസ്. സൂപ്പർവൈസർ	10-08-2024	31-03-2025
ഡോ.നവീൻ	വെറ്റിനറി സർജൻ	01-04-2024	30-10-2024
ഡോ. രേഷ്മ കെ. വാസു	വെറ്റിനറി സർജൻ	31-10-2024	31-12-2024
ഡോ. പ്രീത .എൻ .ആർ	വെറ്റിനറി സർജൻ	01-01-2025	31-03-2025
ഡോ. യഹിയ ബാബു .എസ്.	മെഡിക്കൽ ഓഫീസർ (അലോപ്പതി)	01-04-2024	31-03-2025
ഡോ. സ്വപ്ന ചന്ദ്ര	മെഡിക്കൽ ഓഫീസർ(ഹോമിയോ)	01-04-2024	31-03-2025
ഡോ. അനിജ എസ്.	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2024	31-03-2025
ശ്രീമതി. അംബിക ഹരിദാസൻ	വി.ഇ.ഒ	01-04-2024	10-09-2024
ശ്രീ. യാസർ അറാഫത്ത്	വി.ഇ.ഒ	11-09-2024	31-03-2025
ശ്രീമതി. ശ്യാമ എം.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ആഷ്നി. കെ.ഇ	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. ലിജി ജോസ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത	1-1-2
4	സ്രോതസ്സിൽ നിന്നും കുറവുചെയ്ത ലോൺ തിരിച്ചടവ് തുക അക്കൗണ്ട് ചെയ്തിട്ടില്ല	1-1-3
5	തുകയുടെ കൃത്യത ഉറപ്പുവരുത്താനാവശ്യമായ രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല	1-1-4
6	കെ എസ് ഇ ബി ഡെപ്പോസിറ്റ് തുക അക്കൗണ്ട് ചെയ്തിട്ടില്ല	1-1-5
7	ആസ്തി വിവരം കാലികമാക്കിയിട്ടില്ല	1-1-6
8	സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് & അൺടൈഡ് ഗ്രാന്റ് പൊരുത്തപ്പെടുന്നില്ല	1-1-7
9	ജില്ലാപഞ്ചായത്ത് വിഹിതം - മുഴുവൻ ചെലവുതുകയും അക്കൗണ്ട് ചെയ്തിട്ടില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പു പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	കെ-സ്മാർട്ട് സോഫ്റ്റ്വെയർ മുഖേനയുള്ള പണമിടപാടുകളുടെ അപാകതകൾ	1-11
20	ബാങ്ക് റീക്കൺസിലേഷൻ പത്രികയിലെ അപാകതകൾ	1-12
21	കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല	1-13
22	ലൈവ്സ്റ്റോക്ക് ഫാമിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്	1-14
23	മാന്വൽ രസീത് മുഖേന പണം വരവ് സ്വീകരിച്ചതിലെ അപാകതകൾ	1-15

24	അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല	1-16
25	വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ	1-17
26	പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ അപാകങ്ങൾ	1-18
27	ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഇല്ലാതെ അവസാന ഗഡു അനുവദിക്കുന്നു	1-19
28	സ്കോളർഷിപ്പ് ഇനത്തിൽ തുക അധികം നൽകി	1-20
29	GEM മുഖേനയല്ലാതെ സാധനസാമഗ്രികൾ സമാഹരിച്ചിരിക്കുന്നു	1-21
30	എ ബി സി പ്രോഗ്രാം-വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-22
31	ടഷറി മുഖേന പിൻവലിക്കുന്ന ബില്ലുകളുടെ വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല	1-23
32	പഞ്ചായത്ത് ലേണിംഗ് സെന്റർ - ആർട് ഗാലറി & മ്യൂസിയം പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല	1-24
33	മരണമടഞ്ഞ ക്ഷേമപെൻഷണറുടെ വിവരങ്ങൾ സസ്പെന്റ് ചെയ്യാതെ ആക്ടീവ് ആയി തുടരുന്നു	1-25
34	മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല	1-26
35	പൊതുടാപ്പ് -വെള്ളക്കരം ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്	1-27
36	പൊതുസ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തിയായിട്ടില്ല	1-28
37	ഹോമിയോ മരുന്നു വാങ്ങൽ- കൈമാറിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല	1-29
38	എഞ്ചിനീയറിംഗ് കോളേജിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് - പ്രവൃത്തി ആരംഭിച്ചിട്ടില്ല	1-30
39	നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല	1-31
40	നിശ്ചിത സമയപരിധിക്കുള്ളിൽ സെലക്ഷൻ നോട്ടീസ് (ലെറ്റർ ഓഫ് ആക്സപ്റ്റൻസ്) അയച്ചിട്ടില്ല	1-32
41	മരാമത്ത് പ്രവൃത്തിയിൽ ഇൻഷൂറൻസ് കവറേജ് എടുത്തിട്ടില്ല-ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് പിഴ ഈടാക്കി	1-33
42	ഓഡിറ്റ് ഇംപാക്ട്-പൂർത്തീകരണ കാലാവധി വൈകിയതിന് പിഴ ഈടാക്കിയില്ല.ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കി-	1-34
43	ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം	1-35
44	ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് അവലോകനം	1-36

ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	സ്കോളർഷിപ്പ് ഇനത്തിൽ തുക അധികം നൽകി -	3-1
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രൊജക്ടിന്റെ വിവരം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക്-സംക്ഷിപ്തം	

ഭാഗം –1
പൊതു അവലോകനം

1–1 ഓഡിറ്റ് സാക്ഷ്യപത്രം

1.ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.7.2025 തീയതിയിലെ 3/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് 31.7.25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024–25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025–ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്,
തീയതി : 15–10–2025.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ - അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ - പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് - അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) - മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

ഡി) ചട്ടം 62(4) - ധനകാര്യപത്രികയിലെ തുകകൾ (റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം) പൂർണ്ണരൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 24-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8792292രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + FinancingActivity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13133815രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 സ്രോതസ്സിൽ നിന്നും കുറവുചെയ്ത ലോൺ തിരിച്ചടവ് തുക അക്കൗണ്ട് ചെയ്തിട്ടില്ല

സ്രോതസ്സിൽ നിന്നും ലോൺ തിരിച്ചടവ് ഇനത്തിൽ കുറവുചെയ്ത 1560651രൂ 24-25-ൽ മുന്നിരിപ്പായി ശേഷിക്കുന്ന ലോൺ തുകയിൽ (14709632) നിന്നും കുറവ് ചെയ്യാത്തതിനാൽ വാർഷിക ധനകാര്യ പത്രിക B5 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 14709632 രൂപയായി തുടരുന്നു. ഹഡ്കോ ലോൺ - 24-25-ലെ മുന്നിരിപ്പ്, ലോൺ തുക, തിരിച്ചടവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-1-4 തുകയുടെ കൃത്യത ഉറപ്പുവരുത്താനാവശ്യമായ രജിസ്റ്ററുകൾ ലഭ്യമാക്കിയില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

1-1-5 കെ എസ് ഇ ബി ഡെപ്പോസിറ്റ് തുക അക്കൗണ്ട് ചെയ്തിട്ടില്ല

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി- യിൽ നിക്ഷേപിച്ച 146731രൂ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18ൽ (Loans, Advances &Deposits) പ്രതിഫലിക്കുന്നില്ല.

1-1-6 ആസ്തി വിവരം കാലികമാക്കിയിട്ടില്ല

പഞ്ചായത്തിന്റെ ആസ്തികളുടെ വിവരം കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-7 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് & അൺടൈഡ് ഗ്രാന്റ് പൊരുത്തപ്പെടുന്നില്ല

CFC- ടൈഡ് & അൺടൈഡ് - ചെലവ്- വാർഷിക കണക്ക് പ്രകാരം 3858986രൂപയും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 6215875രൂപയുമാണ്. സി എഫ് സി ചെലവുകൾ ജേണൽ ചെയ്യാത്തതിനാൽ വാർഷികകണക്കും യഥാർത്ഥ ചെലവും തമ്മിൽ 2356889രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് & അൺടൈഡ് - വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 8237381രൂപയും, B-17 ഷെഡ്യൂൾ, RP40(B) എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 5831779 രൂപയുമാണ്. വ്യത്യാസം ₹2405602.

1-1-8 ജില്ലാപഞ്ചായത്ത് വിഹിതം - മുഴുവൻ ചെലവുതുകയും അക്കൗണ്ട് ചെയ്തിട്ടില്ല

വാർഷിക കണക്ക് 1-6 ഷെഡ്യൂൾ പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് 360000രൂപയാണ്. സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുഴുവൻ ചെലവു തുകയും (₹794892) അക്കൗണ്ട് ചെയ്തിട്ടില്ല.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024 തീയതിയിലെ യോഗ തീരുമാനം നം. 1 (1) പ്രകാരവും 2024-25 ധനകാര്യ സ്ഥിരം സമിതിയുടെ 06.02.24 ലെ തീരുമാനം നമ്പർ 1 (1) പ്രകാരവും ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	2166011
തൻവർഷം വരവ്	256736440
ആകെ	258902451
ചെലവ്	256658000
നീക്കിയിരിപ്പ്	2244451

പഞ്ചായത്ത് ഭരണ സമിതിയുടെ 14.03.2025 തീയതിയിലെ യോഗ തീരുമാനം നം.1(1) പ്രകാരം ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

പ്രാരംഭ ബാക്കി	15305580
തൻവർഷം വരവ്	218093579
ആകെ	233399159
ചെലവ്	211445657
നീക്കിയിരിപ്പ്	21953502

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹22584094
വരവ്	₹62105044
ആകെ	₹84689138
ചെലവ്	₹53312752
നീക്കിയിരിപ്പ്	₹31376386

വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവുചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക
വികസനഫണ്ട് -ജനറൽ	0	20187000	20187000	20171565*	15435
വികസനഫണ്ട് -എസ്.സി.പി	0	8228000	8228000	8228000**	0
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	28698000	28698000	22787504	5910496
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	7911000	7911000	6169002	1741998
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ഗ്രാന്റ്	451297	(ACR പ്രകാരമുള്ള വരവ്-3401628 + പലിശ) 3578404	4029701	1842522 (1842463 +59)	2187179***
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്	1086666	6980000	8066666	2016464	6050202***

*സ്രോതസ്സിൽ നിന്നുമുള്ള ചെലവു തുക 1502960രൂ I-6 ൽ ഉൾപ്പെട്ടിട്ടില്ല.
** സ്രോതസ്സിൽ നിന്നുമുള്ള ചെലവു തുക 933691 രൂപയും ചെലവിന്റെ ജേണൽ വൗച്ചർ ചെയ്യാത്തതിനാൽ 55196രൂപയുടെ ചെലവും I-6 ൽഉൾപ്പെട്ടിട്ടില്ല.

***1. CFC- ടൈഡ് & അൺടൈഡ് - കണക്കുകൾ-വാർഷിക കണക്ക് പ്രകാരം 3858986രൂപയും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 6215875രൂപയുമാണ്.

2. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് & അൺടൈഡ് - വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 8237381രൂപയും, B-17 ഷെഡ്യൂൾ, RP40(B) എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 5831779 രൂപയുമാണ്. വ്യത്യാസം ₹2405602. ചെലവുകളുടെ ജേണൽ വൗച്ചർ ചെയ്യാത്തതുകൊണ്ടാണ് വ്യത്യാസം എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (28/20.09.25) മറുപടി ലഭ്യമാക്കിയത്.

കേന്ദ്രാവിഷ്കൃതം

എ)

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ICDS കേന്ദ്രവിഹിതം	847685	1585043	2432728	888171	1544557
സമ്പൂർണ്ണ ശുചിത്വം	109417	36000	145417	36000	109417
നാഷണൽ ഹെൽത്ത് മിഷൻ ഗ്രാന്റ്	500000	0	500000	0	500000
സമ്പൂർണ്ണശുചിത്വം	1030126	0	1030126	0	1030126

ഹെൽത്ത് ഗ്രാന്റ് (അടിസ്ഥാന സൗകര്യ വികസനം)	225010	574404	799414	212948	586466
ഹെൽത്ത് ഗ്രാന്റ് (രോഗ നിർണ്ണയ സൗകര്യം)	76290	355535	431825	106745	325080

ബി) തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	36668	1156066	1192734	1074581	118153
തൊഴിലാളികളുടെ വേതനം	0	18664193	18664193	18664193	0
ആകെ	36668	19820259	19856927	19738774	118153

സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ബെസ്റ്റ് പഞ്ചായത്ത് അവാർഡ്	362226	0	362226	0	362226

1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
253	108391844	195	79292182	0	58	77

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ	നടപ്പിലാക്കിയ ചെലവഴിച്ച പദ്ധതികളുടെ എണ്ണം	ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	5	3147382	5	2974382	94.50
വെറ്റിനറി സർജൻ	9	5288488	9	4104364	77.60
മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി	14	4087857	14	3069788	75.10

മെഡിക്കൽ ഓഫീസർ – ആയുർവേദം	4	1776000	4	1775999	100
ഫിഷറീസ് സബ് ഇൻസ്പെക്ടർ	1	92000	1	72000	78.26
വി.ഇ.ഒ	28	24391752	25	19553465	80.16
ഐ സി ഡി എസ് സൂപ്പർ വൈസർ	27	6932430	23	4474503	64.54
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	48	9234771	36	6828422	73.94
അസിസ്റ്റന്റ് എഞ്ചിനീയർ	104	48162044	65	31543681	65.49
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1250000	1	1250000	100
അസിസ്റ്റന്റ് സെക്രട്ടറി	12	4029120	12	3646078	90.49
ആകെ	253	108391844	195	79292182	73.15

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1–6 തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	36668	1156066	1192734	1074581	118153
തൊഴിലാളികളുടെ വേതനം	0	18664193	18664193	18664193	0
ആകെ	36668	19820259	19856927	19738774	118153

1–7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	4812400	285
2	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	28016000	1977
3	വികലാംഗ പെൻഷൻ	4652200	300
4	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	2295200	149
5	വിധവാ പെൻഷൻ	18251300	1172

1–8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2025 തീയതിയിൽ 03.30 പി.എം സമയത്ത് ഫ്രണ്ട് ഓഫീസ് ക്ലാർക്കിന്റെയും സ്ഥാപന മേധാവിയുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1,400/– (ആയിരത്തി നാന്നൂറ്) രൂപയുടെ നീക്കിയിരുപ്പ് കൃത്യത ബോധ്യപ്പെട്ടു.

1–9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

വാർഷിക പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി വിഹിതം വിനിയോഗിച്ച് പദ്ധതി നടപ്പാക്കുന്നുണ്ടെങ്കിലും തുടർസംരക്ഷണം ഉറപ്പാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല. പദ്ധതികളുടെ ലക്ഷ്യം/ആവശ്യകത എന്നിവ ചർച്ചചെയ്ത് ദീർഘവീഷണത്തോടെ വാർഷിക പദ്ധതികൾ രൂപീകരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്

ഡെപ്പോസിറ്റ് പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിന് മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിന് നിർവ്വഹണ അധികാരികൾ ശ്രദ്ധ പുലർത്തേണ്ടതാണ്.

1–10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

22.03.2018 മുതൽ 28.03.2018 വരെയുള്ള തീയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2012–2013 മുതൽ 2016–17 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പെർഫോമൻസ് ഓഡിറ്റ് 2023 ജനുവരി വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

1–11 കെ–സ്മാർട്ട് സോഫ്റ്റ്വെയർ മുഖേനയുള്ള പണമിടപാടുകളുടെ അപാകതകൾ

തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പിന്റെ 10.04.2025 തിയ്യതിയിലെ സ.ഉ (കൈ) നം.66/2025/L.S.G.D നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ കെ–സ്മാർട്ട് സോഫ്റ്റ്വെയർ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. കെ–സ്മാർട്ട് സംവിധാനം ആരംഭിക്കുന്ന തീയതി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കടലാസ് രഹിത ഓഫീസുകളായി പ്രവർത്തിക്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ചെലവുകളും വരവുകളും കെ–സ്മാർട്ടിലൂടെയാണ് സ്വീകരിക്കേണ്ടതും നൽകേണ്ടതും മാനുവൽ രസീതുകൾ ഉപയോഗിക്കാൻ പാടില്ലെന്നും ഫീൽഡിൽ പോയി പിരിച്ചെടുക്കുന്ന തുകകളും നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുക്കുന്ന ഫണഭോക്തൃ വിഹിതങ്ങളും സ്വീകരിക്കുന്നതിന് ഇ–പോസ് മെഷീനുകൾ ഉപയോഗിക്കണമെന്നും നിർദേശിക്കുന്നുണ്ട്. നിയമാനുസൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും യഥാസമയം തയ്യാറാക്കി ഏർപ്പെടുത്തുന്നതിനും വിവിധ ഔദ്യോഗിക സംവിധാനങ്ങൾക്ക് പരിശോധനകൾക്കായി പ്രസ്തുത റജിസ്റ്ററുകളും റിപ്പോർട്ടുകളും ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഐ.കെ.എം–നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തിലെ കെ–സ്മാർട്ട് സോഫ്റ്റ്വെയർ മുഖേനയുള്ള വരവുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 11.04.2025 മുതൽ കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്വേ മുഖേന ഓൺലൈനായി അടവാക്കിയതും കെ-സ്മാർട്ട് ഡേ ബുക്കിൽ വരവ് രേഖപ്പെടുത്തിയതുമായ തുകകൾ ബന്ധപ്പെട്ട ലെഡ്ജറുകളിലും ബാങ്ക് ബുക്കിലും (ഇ-പേയ്മെന്റ് അക്കൗണ്ട് നം. 17020100101699, ഫെഡറൽ ബാങ്ക് ശ്രീകൃഷ്ണപുരം ബ്രാഞ്ച്) വരവായി രേഖപ്പെടുത്തുന്നുണ്ട്. പ്രസ്തുത തുകകളിൽ ഏതൊക്കെ വരവുകൾ ഏതൊക്കെ തീയതിയിലാണ് പഞ്ചായത്തിന്റെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് യഥാർത്ഥത്തിൽ ക്രെഡിറ്റായതെന്ന വിവരം ലഭ്യമാവുന്നത് ഇ-പേ ഡിസ്പ്ലേഴ്സ് റിപ്പോർട്ട് പ്രകാരമാണ്. ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഒരു നിശ്ചിത കാലയളവിലെ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റായ മുഴുവൻ തുകകളുടെയും വിവരങ്ങൾ അടങ്ങിയ ഇ-ഡിസ്പ്ലേഴ്സ് റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല.

2) ഒരു നിശ്ചിത തീയതിയിലെ ഡേ ബുക്ക് പ്രകാരം കെ-സ്മാർട്ട് പേയ്മെന്റ് ഗേറ്റ്വേ മുഖേന ഓൺലൈനായി അടവാക്കിയ എല്ലാ വരവുകളും ബന്ധപ്പെട്ട ഫെഡറൽ ബാങ്ക് ഇ-പേയ്മെന്റ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 17020100101699) ഇ-ഡിസ്പ്ലേഴ്സ് റിപ്പോർട്ട് പ്രകാരം ക്രെഡിറ്റായതായി കാണുന്നില്ല. ക്രെഡിറ്റായ തുകകളുടെ റീക്കൺസിലേഷൻ സ്ഥാപനം നാളിതുവരെ നടത്താത്തതിനാൽ ക്രെഡിറ്റായ വരവുകളുടെയും ക്രെഡിറ്റാവാത്ത വരവുകളുടെയും വിവരം തരം തിരിച്ച് ലഭ്യമല്ല.

3) കെ-സ്മാർട്ട് ആരംഭിച്ച ശേഷം നാളിതുവരെ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ള രസീതുകളുടെ റിപ്പോർട്ട് ലഭ്യമല്ല. ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഒരു നിശ്ചിത പിരിയഡിനുള്ളിൽ ക്യാൻസൽ ചെയ്യപ്പെട്ടിട്ടുള്ള രസീതുകളുടെ റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല.

4) സ്ഥാപനത്തിൽ അഞ്ച് ഇ-പോസ് മെഷീൻ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ഓഡിറ്റ് പരിശോധനയ്ക്ക് ആവശ്യമായിട്ടുള്ള ഒരു നിശ്ചിത കാലയളവിലേക്കുള്ള ബിൽ കളക്ടറുടെ ഇ-പോസ് കളക്ഷൻ റിപ്പോർട്ട് കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല.

5) വിവിധ ക്യാഷ് ചെക്കുകൾ മുഖേന തനത് ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും ക്യാഷ് ആയി പിൻവലിക്കുന്ന തുകകൾ കെ-സ്മാർട്ട് ക്യാഷ് ബുക്കിലെ വരവിൽ രേഖപ്പെടുത്തുന്നുണ്ട്. ആയത് യഥാസമയം ചെലവഴിക്കുന്നുണ്ടെങ്കിലും കെ-സ്മാർട്ട് ക്യാഷ് ബുക്കിൽ ക്രമീകരിക്കുന്നതിനു കാലതാമസം ഉണ്ടായിരിക്കുന്നു.

6) കേരള സർക്കാർ തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പിന്റെ 28/3/2011 തീയതിയിലെ ജി.ഒ.(എം.എസ്)83/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപന ത്തിലെ അക്കൗണ്ടിങ്ങ് ചട്ടം 57പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. എന്നാൽ കെ.സ്മാർട്ട് സോഫ്റ്റ്വെയറിൽ ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ മൊഡ്യൂളുകൾ നിലവിൽ വന്നിട്ടില്ലാത്തതിനാൽ 2025 ഏപ്രിൽ മാസം മുതൽ ഗ്രാമപഞ്ചായത്തുകൾ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ നാളിതുവരെ നടത്തിയിട്ടില്ല.

7) ഓരോ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് ബുക്കിൽ ദൈനംദിന/പ്രതിമാസ/വാർഷിക മുന്നിരിപ്പും നീക്കിയിരിപ്പും കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ലഭ്യമാവുന്ന സംവിധാനമില്ല.

മേൽ അപാകതൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 13/12.09.2025-ന് മറുപടിയായി കെ-സ്മാർട്ട് സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിച്ചു തരുന്നതിനായി ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന വിവരം അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ന്യൂനതകൾ കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ ഉള്ളതിനാൽ 2025 ഏപ്രിൽ മാസം മുതൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. കെ-സ്മാർട്ട് സോഫ്റ്റ്വെയറിലെ

മേൽ അപാകതകൾ ഐ.കെ.എം-ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ബാങ്ക് റീക്കൺസിലേഷൻ പത്രികയിലെ അപാകതകൾ

1) കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 79 എന്നിവയ്ക്ക് വിധേയമായി 14.01.2020 തീയതിയിലെ എ.സി.1/125/2019-തസ്വഭവ. നമ്പർ സർക്കുലർ എന്നിവ പ്രകാരം തുടർച്ചയായി മൂന്നു വർഷത്തിലധികമായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ/മാറാത്ത ചെക്കുകൾ/തിരികെ കിട്ടിയ നിക്ഷേപങ്ങളിൽ ഉൾപ്പെടുന്ന തുക എന്നിവ ഓരോന്നിന്റെയും കാലാവധി മൂന്നു വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതാത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ 2025 മാർച്ച് മാസത്തിലെ റീക്കൺസിലേഷൻ പത്രികകൾ പ്രകാരം മൂന്നു വർഷത്തിലധികമായ മാറാത്ത ചെക്കുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
അക്കൗണ്ട് നമ്പർ : 10430000919, ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്ക്

ക്രമ നം.	വൗച്ചർ നമ്പർ/ തീയതി	ചെക്ക് നമ്പർ/ തീയതി	തുക
1.	22001010/28-02-2021	71155/24-02-2021	300.00
2.	22001126/22-03-2021	71207/22-03-2021	1,000.00
3.	22001152/26-03-2021	71226/26-03-2021	1,000.00
4.	22001144/26-03-2021	71273/26-03-2021	1,983.00
5.	22001155/27-03-2021	71229/27-03-2021	1,000.00
6.	22000473/25-08-2020	61501/25-08-2020	3,108.00
7.	22001136/23-03-2021	71216/23-03-2021	1,000.00
8.	22001127/22-03-2021	71208/22-03-2021	1,000.00
9.	22001082/16-03-2021	71187/15-03-2021	19,875.00
ആകെ			30,266.00

2) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് (Stale Cheque Account) ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതും പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ 2025 മാർച്ച് മാസത്തിലെ റീക്കൺസിലേഷൻ പത്രികകൾ പ്രകാരം മേൽ വ്യവസ്ഥ

പാലിക്കാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
അക്കൗണ്ട് നമ്പർ : 10430000919, ശ്രീകൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്ക്

ക്രമ നം.	വൗച്ചർ നമ്പർ/ തീയതി	ചെക്ക് നമ്പർ/ തീയതി	തുക
1.	22300150/25-05-2023	104070/24-05-2023	840.00
2.	22200484/29-09-2022	85722/29-09-2022	1,683.00
3.	22201079/31-03-2023	102800/20-03-2023	300.00
4.	22300556/18-10-2023	108844/18-10-2023	950.00
ആകെ			3,773.00

അക്കൗണ്ട് നമ്പർ : 67383979987, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ശ്രീകൃഷ്ണപുരം ബ്രാഞ്ച്

ക്രമ നം.	വൗച്ചർ നമ്പർ/ തീയതി	ചെക്ക് നമ്പർ/ തീയതി	തുക
1.	22300018/21-04-2023	550974/05-04-2023	3,898.00
2.	22300002/19-04-2023	550974/05-04-2023	3,898.00
3.	22200460/19-09-2022	412120/22-08-2022	2,000.00
4.	22201015/28-03-2023	541801/20-03-2023	15,120.00
ആകെ			24,916.00

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/10.09.2025-ന് മറുപടിയായി പ്രസ്തുത തുകകൾ ഭരണസമിതിയുടെ അംഗീകാരത്തോടെ തനതുഫണ്ടിൽ കൂട്ടിച്ചേർത്ത് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച തുകകൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട്സ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2024-25 വർഷത്തിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രസീതുകൾ പരിശോധനക്കായി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലെന്ന അപാകത രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 07/11.09.2025-ന് ലഭ്യമാക്കിയ മറുപടിയിൽ ചുവടെ ചേർത്തിരിക്കുന്ന കരാറുകാരെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	കരാറുകാരുടെ പേര്

1	അബ്ദുൾ സത്താർ
2	സുരേഷ് ബാബു കെ
3	ദാസൻ ഇ

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രസീതുകളോ അല്ലെങ്കിൽ അവർ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രസീതുകളോ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-14 ലൈവ്സ്റ്റോക്ക് ഫാമിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

30.07.2024 തീയതിയിൽ പ്രാബല്യത്തിൽ വന്ന 2024 ലെ കേരളപഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പെങ്കിലും സെക്രട്ടറിക്ക് നൽകേണ്ടതും ഈ ചട്ടങ്ങളിലെ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് ഫാം നടത്തിക്കൊണ്ടുപോകുന്നതെന്ന് സെക്രട്ടറിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കി ലൈസൻസ് പുതുക്കി നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേത്തിരിക്കുന്ന വ്യക്തിയിൽ നിന്നും ലൈസൻസ് പുതുക്കി നൽകുന്നതിന് ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

ഉടമസ്ഥന്റെ പേര്	ഫാമിന്റെ തരം, ക്ലാസ്, ലൈവ്സ്റ്റോക്ക് എണ്ണം	ലൈസൻസ് നമ്പരും തീയതിയും	ഈടാക്കിയ തുക	ഈടാക്കേണ്ട തുക	കുറവ്
അജിത പി, പുഴക്കൽ ഹൗസ്, കുളക്കാട്ടുകുറിശ്ശി	കോഴി ഫാം, ക്ലാസ് V, 4500	A4-03/1401/2024, 17.02.2025 (കാലാവധി 31.03.2025 വരെ)	250	1000	750

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/18.09.2025-ന് മറുപടിയായി ടി വ്യക്തി 30.03.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ ആയതിനാലാണ് മേൽ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പുള്ള ഫീസ് ഈടാക്കിയിട്ടുള്ളതെന്ന വിവരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത വ്യക്തിയുടെ ലൈസൻസ് പുതുക്കുന്നതിനുള്ള ഫയൽ പരിശോധിച്ചതിൽ നിന്നും 31.03.2024-നു അവസാനിക്കുന്ന ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് പുതുക്കുന്നതിനായി 30.03.2024-നു അപേക്ഷിച്ചിട്ടുള്ളതായും 13.05.2024-ന് ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുള്ളതായും 03.07.2024-ന് മേൽ ചട്ടങ്ങൾ വരുന്നതിനു മുമ്പുള്ള ഫീസ് ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് അയക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി വ്യക്തി 17.02.2025-ന് പഴയ നിരക്കിൽ ഫീസ് അടവാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 31.03.2025 വരെ കാലാവധി നിശ്ചയിച്ച് സെക്രട്ടറി ലൈസൻസ് പുതുക്കി അനുവദിച്ചിരിക്കുന്നതെന്ന് കാണുന്നു. ടി വ്യക്തിയ്ക്ക് 2025-26 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കി അനുവദിച്ചിരിക്കുന്നതിലും (13.08.2025-നു) കാലതാമസം സംഭവിച്ചിട്ടുണ്ട്.

മേൽ പ്രകാരമുള്ള ലൈസൻസ് അപേക്ഷയിൽ ചട്ടപ്രകാരമുള്ള വ്യവസ്ഥകളും സമയപരിധിയും പാലിക്കാത്തതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഭാവിയിൽ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് നൽകുമ്പോൾ ചട്ട പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും

സമയപരിധികളും പാലിക്കണമെന്ന നിർദേശത്തോടെ വിഷയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ 03.07.2024-ന നൽകിയ നോട്ടീസ് പ്രകാരം ടി വ്യക്തി തുക അടവാക്കാൻ 6 മാസത്തിലധികം കാലതാമസം വരുത്തിയതിനാലും മേൽപ്പറഞ്ഞ ചട്ടങ്ങൾ നിലവിൽ വന്ന ശേഷം അനുവദിച്ച ലൈസൻസ് ആയതിനാലും പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതായിരുന്നു. ആയതിനാൽ ലൈസൻസ് ഫീസിനത്തിൽ സംഭവിച്ച 750/- രൂപയുടെ കുറവ് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 മാന്വൽ രസീത് മുഖേന പണം വരവ് സ്വീകരിച്ചതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ലെ ചട്ടം 20(1) പ്രകാരം പഞ്ചായത്തിലോ ഇതിനായി അധികാരപ്പെടുത്തിയ കളക്ഷൻ സ്റ്റാഫോ പണമായി സ്വീകരിക്കുന്ന എല്ലാ പണത്തിനും ഒരു രസീത് നൽകേണ്ടതാണെന്നും രസീതുകൾ മാന്വലായി നൽകുമ്പോൾ മെഷീൻ നമ്പറിട്ട് ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ച് എഴുതേണ്ടതും രസീതിന്റെ ഒറിജിനൽ ഓഫീസിൽ സൂക്ഷിക്കേണ്ടതാണെന്നും പകർപ്പ് അടവാക്കുന്നയാളിനു നൽകേണ്ടതാണെന്നും ആയത് നഷ്ടപ്പെട്ടാൽ ഒരു കാരണവശാലും വീണ്ടും പകർപ്പ് നൽകരുതെന്നും ആവശ്യം വന്നാൽ തുക ഒടുക്കിയതായി രേഖപ്പെടുത്തിയ സാക്ഷ്യപത്രം നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

1) രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പേജ് 54 പ്രകാരം ശ്രീ. രഘുനാഥൻ കെ എന്ന സ്റ്റാഫിനു കളക്ഷനു നൽകിയ രസീത് ബുക്ക് നമ്പർ 17090 പരിശോധിച്ചതിൽ നിന്നും മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി 01/17090 നമ്പർ രസീതിന്റെ പകർപ്പാണ് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നത്. 01/17090, 02/17090 എന്നീ നമ്പർ രസീതുകൾ എഴുതുന്നതിന് ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല. പ്രസ്തുത രസീതുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

രസീത് നമ്പർ	തീയതി	വിവരണം	തുക
01/17090	09.12.2024	ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിനും ഗുണനിലവാരമില്ലാത്ത ഭക്ഷണ സാധനം സൂക്ഷിച്ചതിനുമുള്ള പിഴ	2000
02/17090	07.01.2025	ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിനും നിരോധിത പ്ലാസ്റ്റിക് കവർ കണ്ടെടുത്തതിനുമുള്ള പിഴ	1000

2) രസീതുകൾ കളക്ഷൻ ദിവസം തന്നെ പഞ്ചായത്തിൽ അടവാക്കിയതായി ഐ.എൽ.ജി.എം.എസ് ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ രജിസ്റ്ററോ തുക അടവാക്കിയ ഐ.എൽ.ജി.എം.എസ് രസീതുകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) 1996-ലെ കേരള പഞ്ചായത്ത് രാജ് (FACTEOS ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ലൈസൻസ് നൽകൽ ചട്ടങ്ങളുടെ ലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 255 പ്രകാരമുള്ള പിഴ ചുമത്തണമെന്നാണ് വ്യവസ്ഥ

ചെയ്തിട്ടുള്ളത്. പ്രസ്തുത വകുപ്പ് പ്രകാരം 10,000/- രൂപയോളം വരുന്ന പിഴയോ തുടർന്നു കൊണ്ടിരിക്കുന്ന ലംഘനത്തിന് ആദ്യ ലംഘനത്തിന്റെ കുറ്റസ്ഥാപനത്തിനു ശേഷം ഓരോ ദിവസത്തേക്കും 200/- രൂപയിൽ കവിയാത്ത പിഴയോ ചുമത്തി ശിക്ഷിക്കാവുന്നതാണ്. മേൽ രസീതുകളിലെ വിവരങ്ങൾ പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ചട്ട ലംഘനത്തിന് 2000/- രൂപ മാന്വൽ രസീത് മുഖേന പിഴ ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/12.09.2025-ന് മറുപടിയായി മാനുവൽ രസീതുകൾ കൈകാര്യം ചെയ്യുന്ന ജോലിയിലുള്ള പരിചയക്കുറവ് മൂലമാണ് അപാകത സംഭവിച്ചതെന്നും രണ്ട് സ്ഥാപനങ്ങൾക്കുമെതിരെ പഴകിയ ഭക്ഷണം സംബന്ധിച്ച് ലഭിച്ച പരാതിയിൻമേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തി അടിയന്തരമായി നടപടി സ്വീകരിക്കേണ്ടി വന്നതിനാലുമാണ് മാനുവൽ രസീതി മുഖേന പിഴ ഈടാക്കേണ്ടി വന്നതെന്നും പഞ്ചായത്തിന് യാതൊരുവിധ സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലെന്നും ബന്ധപ്പെട്ട രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട്.

മേൽപ്രകാരം ചട്ട വിരുദ്ധമായി മാനുവൽ രസീതി ഉപയോഗിച്ചതും കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കാത്തതും തുക അടവാക്കിയ ഐ.എൽ.ജി.എം.എസ് രസീതുകൾ ഹാജരാക്കത്തതും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതിനുള്ള സാഹചര്യത്തിന് വഴിയൊരുക്കുന്നതാണ്. ദിവസേനയുള്ള ക്യാഷ് ബുക്ക്, പണം ഒടുക്ക് എന്നിവ അക്കൗണ്ടന്റും സെക്രട്ടറിയും പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് ചട്ട പ്രകാരം വ്യവസ്ഥയുള്ളതിനാൽ രസീതിയുടെ ഉപയോഗത്തിലുണ്ടായ അപാകത പരിചയക്കുറവ് മൂലമാണ് സംഭവിച്ചതെന്ന മറുപടി അംഗീകരിക്കാവുന്നതല്ലെന്ന വിവരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൂടാതെ മറുപടിയോടൊപ്പം സമർപ്പിച്ച രേഖകളിൽ ലൈസൻസ് നൽകൽ ചട്ടങ്ങളിലെ വ്യവസ്ഥകളുടെ ലംഘനത്തിനും പഴകിയ ഭക്ഷണം പിടിച്ചതിനും നൽകിയ നോട്ടീസിൽ ഹെൽത്ത് ഇൻസ്പെക്ടർ ഒപ്പിടുകയോ ബന്ധപ്പെട്ട വ്യക്തി കൈപ്പറ്റിയതായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ പരാതിയിൻമേൽ ചുമത്തിയ പിഴയുടെയും ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിക്കാതെ മേൽ രസീതുകൾ പ്രകാരം അടവാക്കിയ തുകയുടെയും ആധികാരികത ഓഡിറ്റിന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽ രസീതുകൾ പ്രകാരം അടവാക്കിയ തുകയുടെ ആധികാരികത പഞ്ചായത്ത് പരിശോധിക്കേണ്ടതും പരിശോധന റിപ്പോർട്ട് ഭരണസമിതി അംഗീകാരത്തോടെ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-16 അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഈടാക്കുന്നില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട്സ് വകുപ്പ് 207 (1) (ബി) (2023 ലെ 18-ാം ഭേദഗതി ആക്ട്, 2023 ലെ കേരള ധനകാര്യ 2-ാം നമ്പർ ആക്ട്) പ്രകാരം 01.04.2023 പ്രാബല്യത്തിൽ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർത്തിട്ടുള്ള അൺ-എയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 2023-24 വർഷം മുതൽ ബാധകമായ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ പേര്	കെട്ടിടത്തിന്റെ വിസ്തീർണം	റിമാർക്സ്
14/258	ശ്രീ വ്യാസ വിദ്യാ നികേതൻ, ശ്രീകൃഷ്ണപുരം	250 M	സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തു നികുതി

			നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഒഴിവാക്കിയ ഗണത്തിലാണ് ഉൾപ്പെട്ടിട്ടുള്ളത്. 2023–24 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.
3/543	സെന്റ് ഡൊമിനിക് കോൺവന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ	200 M	സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. ഒഴിവാക്കിയ ഗണത്തിൽ ഉൾപ്പെട്ടിരിക്കുന്നു. 2023–24 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.
3/624	സെന്റ് ഡൊമിനിക് കോൺവന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ	140 M	

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പരുകൾ 08/11.09.2025, 24/18.09.2025 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിദ്യാലയം ആരംഭിച്ച സമയത്തെ അസസ്മെന്റ് പ്രകാരമാണ് കെട്ടിടത്തിന്റെ വിസ്തീർണം നിലവിൽ സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വിദ്യാലയത്തിന്റെ ഭാഗമായി പുതിയ കെട്ടിടങ്ങൾ വന്നതിനാലും കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുള്ളതിനാലും മേൽ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന്റെ വിസ്തീർണ്ണം പരിഷ്കരിച്ച ശേഷം നിയമപ്രകാരം ബാധകമായ വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും 2023–24 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതമാണ്. പ്രസ്തുത തുക ഈടാക്കിയ വിവരം ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണെന്ന് നിർദേശിക്കുന്നു.

1–17 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

2024–25 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനത്തിന്റെ പേര്	ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം, വിസ്തീർണ്ണം, അടിസ്ഥാന വസ്തു നികുതി നിരക്ക്
5/122	ഹോളോ & സോളിഡ് ബ്രിക്സ്	ഹോളോബ്രിക്സ് നിർമ്മാണം (ഇതര	പാർപ്പിടാവശ്യം, 273.6 M, 6/- രൂപ

		വ്യവസായം)	
11/497	ആരോഗ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ റിസേർച്ച് സെന്റർ	ആശുപത്രി	പാർപ്പിടാവശ്യം – 71 M, 6/– രൂപ

സ.ഉ(അച്ചടി)നം.25/2023/ത.സ്വ.ഭ.വ, തീയതി 05.04.2023 ന വിധേയമായി ഗ്രാമപഞ്ചായത്തിൽ ഭരണസമിതിയുടെ 26.07.2023 തീയതിയിലെ 5(1) നമ്പർ തീരുമാനപ്രകാരം നിരക്കുകൾ നിശ്ചയിച്ച് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ലൈസൻസ് നൽകുമ്പോൾ മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധിച്ച് ഉറപ്പ വരുത്താത്തതിനാലും വാണിജ്യാവശ്യത്തിന ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന നിശ്ചയിച്ച വസ്തു നികുതി നിരക്കിന ആനുപാതികമായ മാറ്റം സഞ്ചയ സോഫ്റ്റ്വെയറിൽ വരുത്താത്തതിനാലും വസ്തു നികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 25/18.09.2025 എന്നിവയ്ക്ക് മറുപടിയായി പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റുന്നതിനായി ഉടമസ്ഥർക്ക് കത്ത് നൽകുന്നതാണെന്നും നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നികുതി പുന:നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് നൽകുമ്പോൾ കെട്ടിടങ്ങളുടെ ഉപയോഗക്രമം ഉറപ്പ വരുത്താത്തതു മൂലം വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

2024–25 വർഷത്തിൽ ലൈസൻസ് നൽകിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടെയും (ലൈസൻസ് രജിസ്റ്റർ പ്രകാരം) കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധിച്ച് ഉറപ്പ വരുത്തി വ്യത്യാസമുള്ളവയുടെ ഫീൽഡ് പരിശോധന നടത്തി 2011 –ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള പിഴ ചുമത്തേണ്ടതും അത്തരത്തിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർനിർണ്ണയം നടത്തി തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണെന്ന് നിർദേശിക്കുന്നു.

1–18 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിലെ അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256–ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരം വാടക കെട്ടിടങ്ങളുടെ നടത്തിപ്പിന് ബൈലോ തയ്യാറാക്കിയത് 16.05.2018 ലെ 7(1)–ാം നമ്പർ തീരുമാനപ്രകാരം അംഗീകാരത്തിനായി അയച്ചു നൽകിയിട്ടുണ്ട്. വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14 വാടക കെട്ടിടങ്ങളുണ്ട്. 2023–24, 2024–25 എന്നീ വർഷങ്ങളിലെ ധനകാര്യ പത്രികകൾ പ്രകാരം വാടക ഇനത്തിലെ ഡിമാന്റുകൾ തമ്മിൽ ഭീമമായ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2023–24 l3 ഷെഡ്യൂൾ (130100101)	2024–25 l3 ഷെഡ്യൂൾ (130100101)	വ്യത്യാസം
11,39,925.00	8,93,146.00	2,46,779.00

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 31/22.09.2025-ന് മറുപടിയായി നിരവധി തവണ ലേലം ചെയ്തെങ്കിലും ആരും ലേലത്തിൽ പങ്കെടുക്കാത്തതിനാൽ മൂന്നു റൂമുകൾ ഒഴിഞ്ഞു കിടക്കുകയാണെന്നും സബ് ട്രഷറി ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക വകുപ്പിൽ നിന്നും അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ അടവാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഒഴിഞ്ഞു കിടക്കുന്ന റൂമുകളുടെ വാടക അസി. എഞ്ചിനീയർ മുഖേന പുനർ നിർണ്ണയം നടത്തി ലേലം ചെയ്യുന്നതിനും സബ് ട്രഷറി ഓഫീസിന്റെ വാടക പിഴസഹിതം ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 ലൈഫ് മിഷൻ – ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഇല്ലാതെ അവസാന ഗഡു അനുവദിക്കുന്നു

16.11.2013 ലെ സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ പ്രകാരം ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അല്ലാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 16.03.2018 ലെ സ.ഉ(കൈ)നം.34/2018/ത.സ്വ.ഭ.വ പ്രകാരം ഒന്നാം ഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്നും ഓരോ ഘട്ടവും പൂർത്തീകരിച്ച് സ്റ്റേജ് റിപ്പോർട്ടിംഗ് ചെയ്യുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഭവന നിർമ്മാണ ഘട്ടങ്ങളുടെ ഫോട്ടോ എടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം ചെലവിൽ ക്രമീകരണം ഏർപ്പെടുത്തേണ്ടതാണെന്നും വീട് പണി പൂർത്തിയാക്കി വാസയോഗ്യമാണെന്നുറപ്പു വരുത്തി വേണം അവസാന ഗഡു അനുവദിക്കേണ്ട തെന്നും നിർദേശിക്കുന്നുണ്ട്.

ലൈഫ് മിഷൻ 2020 എസ്.സി.പി (പ്രോജക്ട് നം. 37/2025) പദ്ധതിയിൽ മുഴുവൻ തുകയും കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30/20.09.2025-ന് മറുപടിയായി ഭാഗികമായി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	അവസാന ഗഡു, കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ ആകെ തുക	റിമാർക്സ്
1.	ശാന്തകുമാരി (ലൈഫ് 2020 ജനറൽ & എസ്.സി (1) രജിസ്റ്റർ പേജ് നം. 5)	23.06.2023	20,000/- 13.06.2025	4,00,000	അവസാന ഗഡു നൽകുന്നതിന് മുമ്പ് വീട് പണി പൂർത്തിയാക്കിയതായി തെളിയിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ്, ഫോട്ടോ എന്നിവ ഫയലിൽ ലഭ്യമല്ല. വീട് പണി പൂർത്തിയാക്കിയതായുള്ള 22.09.2025 തീയതിയിലെ ബിൽഡിംഗ് സർട്ടിഫിക്കറ്റ് മാത്രമാണ്

					ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ പണി പൂർത്തിയാക്കിയിട്ടാണോ അവസാന ഗഡു നൽകിയതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.
2.	ലക്ഷ്മി (ലൈഫ് 2020 ജനറൽ & എസ്.സി (1) രജിസ്റ്റർ പേജ് നം. 15)	23.06.2023	50,000/- 30.03.2024	4,00,000	അവസാന ഗഡു നൽകുന്നതിന് മുമ്പ് വീടു പണി പൂർത്തിയാക്കിയതായി തെളിയിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ്, ഫോട്ടോ എന്നിവ ഫയലിൽ ലഭ്യമല്ല. വീട് പണി പൂർത്തിയാക്കിയതായുള്ള 22.09.2025 തീയതിയിലെ ബിൽഡിംഗ് സർട്ടിഫിക്കറ്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ പണി പൂർത്തിയാക്കിയിട്ടാണോ അവസാന ഗഡു നൽകിയതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.
3.	പത്മാവതി (ലൈഫ് 2020 ജനറൽ & എസ്.സി (1) രജിസ്റ്റർ പേജ് നം. 21)	14.08.2023	70,000/- 23.07.2024	3,50,000	അവസാന ഗഡു നൽകുന്നതിന് മുമ്പ് വീടു പണി പൂർത്തിയാക്കിയതായി തെളിയിക്കുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ്, ഫോട്ടോ എന്നിവ ഫയലിൽ ലഭ്യമല്ല. വീട് പണി പൂർത്തിയാക്കിയതായുള്ള 22.09.2025 തീയതിയിലെ ബിൽഡിംഗ് സർട്ടിഫിക്കറ്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ പണി പൂർത്തിയാക്കിയിട്ടാണോ അവസാന ഗഡു നൽകിയതെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

വീട് പണി പൂർത്തിയാക്കി വാസയോഗ്യമാണെന്നുറപ്പു വരുത്തിയാണ് അവസാന ഗഡു അനുവദിക്കേണ്ടതെന്ന നിർദേശം കർശനമായി പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 സ്കോളർഷിപ്പ് ഇനത്തിൽ തുക അധികം നൽകി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷി സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ സ്കോളർഷിപ്പ് തുക അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. , പേർ	SO 60/25-ഭിന്നശേഷി സ്കോളർഷിപ്പ്
ചെലവ് തുക , ഫണ്ടിനം	1236000 (വികസനഫണ്ട്-പൊതുവിഭാഗം)
ബിൽ വിവരങ്ങൾ	നം. 40/20-1-2025, 759400/- നം. 43/24-1-2025, 66000/- നം. 44/10-3-2025, 214900/- നം. 45/10-3-2025, 45700/- നം. 52/15-3-2025, 150000/-

സ.ഉ.(കൈ) നം. 115/2022/LSGD തീയതി 28-05-2022 പ്രകാരം സബ്സിഡി മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനെക്കാൾ അധികരിച്ച് താഴെ രേഖപ്പെടുത്തിയിട്ടുള്ള വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. വിദ്യാർത്ഥികളുടേയും, അധികം നൽകിയ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	പഠിക്കുന്ന ക്ലാസ്സ്	വൈകല്യത്തിന്റെ തരം	അനുവദിക്കാവുന്ന തുക	അനുവദിച്ച തുക	അധികം അനുവദിച്ചത്	റിമാർക്സ്
അർജ്ജുൻ .സി.ആർ	പ്രീപ്രൈമറി	ചലന വൈകല്യം	5300	6600	1300	കൂട്ടി ബഡ്സ് സ്കൂളിൽ പഠിക്കുന്നതിനാൽ സ്ഥാപനത്തിന്റെ വാഹനത്തിൽ സൗജന്യമായാണ് യാത്ര ചെയ്യുന്നത്. ആയതിനാൽ യാത്രാ ബത്തയ്ക്ക്

						അർഹത യില്ല.
അഭിജിത്ത്	പ്രീപ്രൈമറി	ചലന വൈകല്യം	5300	6600	1300	കൂട്ടി ബഡ്സ് സ്കൂളിൽ പഠിക്കുന്ന തിനാൽ സ്ഥാപന ത്തിന്റെ വാഹന ത്തിൽ സൗജന്യ മായാണ് യാത്ര ചെയ്യുന്നത്. ആയതി നാൽ യാത്രാ ബത്തയ്ക്ക് അർഹത യില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/22-9-2025) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

1-21 GEM മുഖേനയല്ലാതെ സാധനസാമഗ്രികൾ സമാഹരിച്ചിരിക്കുന്നു

സ.ഉ(പി)നം.7/19/എസ്.പി.ഡി , തീയതി 26.04.2019 പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് 25000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് GEM മുഖേന ആക്കണമെന്ന് നിർബ്ബന്ധമാക്കിയിട്ടുണ്ട്. എന്നാൽ താഴെ രേഖപ്പെടുത്തിയിട്ടുള്ള വാങ്ങലുകൾ സാധാരണ ടെണ്ടർ നടപടികളിലൂടെ നിർവ്വഹിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. , പേര്	SO 149/25-മഠത്തിൽപ്പള്ള സാംസ്കാരിക നിലയം-ഫർണിച്ചർ
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി. സെക്രട്ടറി
അടങ്കൽ	118400-(വികസന ഫണ്ട്)
ചെലവ്	118260
വൗച്ചർ വിവരങ്ങൾ	നം.42401466/19-3-2025

സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനം	ആർ.വി. ഹോം നീഡ്സ്, ശ്രീകൃഷ്ണപുരം

മഠത്തിൽപ്പള്ള സാംസ്കാരിക നിലയത്തിലേക്ക് മേശ, കസേര, അലമാര എന്നിവ ആർ.വി. ഹോം നീഡ്സ്, ശ്രീകൃഷ്ണപുരം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങിയിട്ടുള്ളത്. മേൽസൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം GEM മുഖേന വാങ്ങൽ നടപടികൾ സ്വീകരിക്കണമെന്നിരിക്കെ ഇപ്രകാരം ചെയ്തത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/18-9-2025) ലഭ്യമാക്കിയ മറുപടിയിൽ ടി കാലയളവിൽ GEMൽ മേൽസൂചിപ്പിച്ച ഫർണിച്ചറുകൾ ഉണ്ടായിരുന്നില്ല എന്നും ആയതിനാൽ പർച്ചേസിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെയും ഭരണസമിതിയുടെ അംഗീകാരത്തിന്റെയും അടിസ്ഥാനത്തിൽ ആണ് ഓപ്പൺ ടെണ്ടർ മുഖേന സാധനങ്ങൾ വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ GEMൽ ടി കാലയളവിൽ മേൽസൂചിപ്പിച്ച ഫർണിച്ചറുകൾ ഉണ്ടായിരുന്നില്ല എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവുകൾ മുഖേന നിഷ്കർഷിക്കുന്ന രീതിയിൽ സാധനസാമഗ്രികൾ സമാഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-22 എ ബി സി പ്രോഗ്രാം-വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം., പേര്	32/25, എ ബി സി വിഹിതം
അടങ്കൽ	350000 രൂപ (വികസന ഫണ്ട് - ജനറൽ)
ചെലവ്	ബിൽ നം. 13/23.11.2024 - 350000 രൂപ
നിർവഹണം	വെറ്റിനറി സർജൻ

പഞ്ചായത്തിൽ തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിലൂടെ പൊതുജനങ്ങളുടെ ആരോഗ്യവും ക്ഷേമവും ഉറപ്പ് വരുത്തുകയാണ് പദ്ധതി ലക്ഷ്യം. ഇതിനായി തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (79901140000220 0)മാറി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, തുകയുടെ വിനിയോഗ വിവരം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/18-9-2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
ആയതിനാൽ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-23 ട്രഷറി മുഖേന പിൻവലിക്കുന്ന ബില്ലുകളുടെ വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പല പ്രോജക്ടുകളിലും ട്രഷറി മുഖേന മാറിയ പല ബിൽത്തുകകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ട്രഷറി ബിൽ നം. / തീയ്യിതി	തുക
12/3-10-2024/ Contingency Expenditure	9089
13/23-11-2024/ ABC Programme	350000
14/23-11-2024/ Contingency Expenditure	8998
20/28-1-2025/Contingency Expenditure	3517
25/13-3-2025/ Mineral Mixture	388488
30/20-3-2025/Contingency Expenditure	19377

മേൽസൂചിപ്പിച്ച ബില്ലുകൾ ട്രഷറി മുഖേന മാറി അതത് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെങ്കിലും ആയവയുടെ വിശദാംശങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/18-9-2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
അക്കൗണ്ടിംഗ് ചട്ടപ്രകാരം സ്ഥാപനത്തിലേക്കുള്ള മുഴുവൻ വരവുകളും ചെലവുകളും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്ററുകൾ പൂർണമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 പഞ്ചായത്ത് ലേണിംഗ് സെന്റർ - ആർട് ഗാലറി & മ്യൂസിയം പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

ദേശീയതലത്തിലും സംസ്ഥാന തലത്തിലും അവാർഡുകളിലൂടെയും പ്രവർത്തന മികവിലൂടെയും ശ്രദ്ധ നേടിയ മികച്ച ഗ്രാമ പഞ്ചായത്തുകളെ അറിയുന്നതിന് മറ്റ് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ജീവനക്കാർക്കും അവസരം നൽകുന്നതിനും പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ പരസ്പരം പങ്കുവെക്കുക എന്ന ഉദ്ദേശവും മുൻനിർത്തി പഞ്ചായത്ത് ലേണിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കിലയുടെ നേതൃത്വത്തിൽ 19 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയും ലേണിംഗ് സെന്ററുകളുടെ നവീകരണത്തിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത പഞ്ചായത്തുകളിലുൾപ്പെട്ട ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്, പഞ്ചായത്ത് ലേണിംഗ് സെന്റർ ആർട് ഗാലറി & മ്യൂസിയം നിർമ്മാണത്തിനായി കില അനുവദിച്ച 400000രൂപയിൽ 200000രൂ അഡ്വാൻസ് ആയി ലഭിച്ചതായും 30.03.25-നകം തുക ചെലവഴിച്ചില്ലെങ്കിൽ തുക തിരിച്ചടക്കേണ്ടിവരും എന്ന നിർദേശത്തെ തുടർന്ന് അടിയന്തിരമായി പ്രവൃത്തി നടപ്പിലാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് (11.03.25-ലെ 2(6)-ാം നമ്പർ തീരുമാനം) സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞനിരക്ക് കോട്ട് ചെയ്ത GEE KAY Inreriors, Ottapalam എന്ന സ്ഥാപനത്തിന്റെ നിരക്ക് (26.03.25 -ലെ 2(1) നം. തീരുമാനം) അംഗീകരിക്കുകയും ചെയ്തു. 15.03.25-ലെ ക്വട്ടേഷൻ നോട്ടീസിൽ പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കിയിട്ടില്ല.

ലഭ്യമായ മൂന്നു ക്വട്ടേഷനുകളിൽ പരാമർശിച്ച പ്രവൃത്തി, നിരക്ക് എന്നിവ താഴെപ്പറയും പ്രകാരമാണ്.

സ്ഥാപനം	പ്രവൃത്തി	തുക
GEE KAY Inreriors, Ottapalam	Wall Display Panel Unit Made With Wood As Structure, Back Panel With Aluminium Composite Panel Black As Colour And Display With Acrylic, The Exposed Areas Finished With MRF PU Polish Size	36500
Ace Interiors, Ottapalam	Display Panel Unit Made With Wood As Structure, Back Panel With Aluminium Composite Panel Black As Colour And Display With Acrylic, The Exposed Areas With MRF PU Polish 8x4x6	42000
Image, Ottapalam	Display Panel Unit Made With Wood As Structure, Back Panel With Aluminium, Colour Display With Acrylic, The Exposed Areas Finished Polish	51500

GEE KAY Inreriors, Ottapalam എന്ന സ്ഥാപനവുമായി 27.03.25 തീയതിയിൽ കരാറിലേർപ്പെടുകയും Display Panel Unit -ന് 30000രൂപ നിരക്കിൽ 12എണ്ണം നിർമ്മിക്കുന്നതിനായി 360000രൂപയുടെ ചെലവ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ആകെ അംഗീകരിച്ച ചെലവിന്റെ 50% തുകയായ 180000രൂ ചെക്ക് നം. 226716/27.03.25 പ്രകാരം സ്ഥാപനത്തിന് മുൻകൂറായി അനുവദിച്ചിട്ടുണ്ട്.

ചെലവുമായി ബന്ധപ്പെട്ട് താഴെചേർക്കുന്ന അപാകങ്ങൾ കണ്ടെത്തി.

1. ക്വട്ടേഷൻ നോട്ടീസിൽ പ്രവൃത്തി സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കിയിട്ടില്ല.
2. 27.03.25-ൽ സ്ഥാപനവുമായി ഏർപ്പെട്ട കരാർ നിബന്ധന ക്രമനം 3-ൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല.

3. കരാറിലേർപ്പെട്ട് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതും കരാർ നിബന്ധന ക്രമ നം. 2 പ്രകാരം മാസത്തിൽ ഒരിക്കലോ അല്ലെങ്കിൽ ഗണ്യമായ തുകയ്ക്ക് പ്രവൃത്തി പൂർത്തിയാക്കിയാലോ മാത്രമാണ് പാർട്ട് ബിൽ നൽകാവുന്നത്. എന്നാൽ കരാറുകാരന് മുൻകൂറായി തന്നെ തുക നൽകിയിരിക്കുന്നു.

അപാകങ്ങൾ പരാമർശിച്ചും ആർട് ഗാലറി & മ്യൂസിയം - പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, നിർദ്ദിഷ്ട പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയതിന്റെ വിശദാംശം എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 23/18.09.25 നൽകിയതിന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു. 31.03.25-ന് മുമ്പ് പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം കിലയെ അറിയിച്ചില്ലെങ്കിൽ ലഭിച്ച തുക തിരിച്ചടക്കേണ്ടി വരുകയും തുടർന്ന് ലഭിക്കുവാനുള്ള 2ലക്ഷം രൂ നഷ്ടമാവുകയും ചെയ്യും എന്നതിനാൽ അടിയന്തിരമായി പ്രവൃത്തി നടപ്പാക്കിയതിനാലാണ് നടപടിക്രമങ്ങൾ പാലിക്കാൻ കഴിയാതിരുന്നത്. നിലവിൽ എഗ്രിമെന്റ് പ്രകാരമുള്ള 12 Display Panel Unit-

കളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്, എന്നാൽ ഇവയിൽ പ്രദർശിപ്പിക്കാനുള്ള വികസന പ്രവർത്തനങ്ങളുടെയും പഞ്ചായത്തിന്റെ ചരിത്രവും പാരമ്പര്യവും വിളിച്ചോതുന്നതുമായ ചിത്രങ്ങൾ എന്നിവ Display Panel Unit-കളിൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. കൂടാതെ 50% തുക കരാറുകാരന് നൽകിയിട്ടില്ല.
പഞ്ചായത്ത് ലേണിംഗ് സെന്റർ ആർട് ഗാലറി & മ്യൂസിയം - പ്രവൃത്തി ഉദ്ദേശിച്ച രീതിയിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സമയബന്ധിതമായും നടപടിക്രമങ്ങൾ പാലിച്ചും പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തിയും നടപ്പിലാക്കേണ്ടതുമാണ്.

1-25 മരണമടഞ്ഞ ക്ഷേമപെൻഷണറുടെ വിവരങ്ങൾ സസ്പെന്റ് ചെയ്യാതെ ആക്ടീവ് ആയി തുടരുന്നു

സേവന സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ 2025 ജൂലൈ മാസത്തെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 43ഗുണഭോക്താക്കൾ പെൻഷൻ കൈപ്പറ്റിയിട്ടില്ല. ഇതിലുൾപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും 4/25 മുതൽ Deceased എന്ന കാരണത്താൽ തുക കൈമാറിയിട്ടില്ല. എന്നാൽ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ഇപ്പോഴും ആക്ടീവ് ആയി തുടരുന്നുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്, പെൻഷണർ ഐ.ഡി	പെൻഷൻ, സ്റ്റാറ്റസ്	ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം അവസാനം തുക കൈമാറിയ മാസം
1	കുമ്പി, 108300200253	വാർദ്ധക്യകാല പെൻഷൻ ആക്ടീവ്	4/25
2	എം രാഘവൻ 108300200319	വാർദ്ധക്യകാല പെൻഷൻ ആക്ടീവ്	4/25
3	ശിവശങ്കരൻ108300200541	വാർദ്ധക്യകാല പെൻഷൻ	4/25

ബിൽ ഡിസ്ക്രപ്പൻസി ലിസ്റ്റിലെ ഗുണഭോക്താക്കളുടെ വിവരം പരിശോധിച്ച് സ്വീകരിച്ച തുടർനടപടിയുടെ വിവരം അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം (29/20.09.25) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. Deceased എന്ന രേഖപ്പെടുത്തിയതിൽ പെൻഷൻ സസ്പെന്റ് ചെയ്യാൻ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതും വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-26 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിലെ 460500201 ഹെഡ് പ്രകാരം Deposit To Water Authority എന്ന ഹെഡിൽ 2021-22 മുതൽ 5530656രൂ ക്രമീകരിക്കാതെ ശേഷിക്കുന്നു.

കൂടാതെ വിവിധ ഹെഡുകളിൽ ക്രമീകരിക്കാതെ ശേഷിക്കുന്ന തുകകളുടെ വിവരം ചേർക്കുന്നു.

ഹെഡ്	തുക
460100199	179465
460500399	400000
460500501	961870
460509901	50611

കൈമാറിയ 5530656രൂപയുടെ വിനിയോഗ വിവരം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, വിനിയോഗിക്കാതെ ശേഷിക്കുന്ന തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം എന്നിവയും മറ്റ ഹെഡുകൾ പ്രകാരമുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (28/20.09.25) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഏതിനത്തിൽ നൽകിയ തുകയാണെന്ന വിശദാംശങ്ങളും ലഭ്യമായില്ല. വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയ തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും ആയതും മറ്റ തുകകളും ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-27 പൊതുടാപ്പ് -വെള്ളക്കരം ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പ്രൊജക്ട്	261/25, പൊതുടാപ്പുകളുടെ സംയുക്ത പരിശോധന
അടങ്കൽ	₹250000-തനത് ഫണ്ട്
ചെലവ്	₹250000
വൗച്ചർ നം./ തീയതി	22400774/16.01.25

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ 08/25-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 14559.12രൂപ/Tap/Year നിരക്കിൽ 187 ടാപ്പുകളുടെ വെള്ളക്കരവും പിഴയടക്കമുള്ള കുടിശ്ശിക തുകയുമാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്.

08/25 ലെ ഡിമാന്റ്- ₹226878

31.07.25വരെയുള്ള കുടിശ്ശിക -₹21230953

പിഴ- ₹416536

16.12.21-ൽ കൂടിയ പഞ്ചായത്ത് ഭരണസമിതിയുടെ 3(1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ആകെയുള്ള 215 ടാപ്പുകളിൽ 196 എണ്ണം പ്രവർത്തനക്ഷമമല്ലാത്തതിനാൽ വിച്ഛേദിക്കുന്നതിനും അതനുസരിച്ച് വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിന്, 15.02.22-ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും തുടർനടപടി സ്വീകരിക്കാത്തതിനാൽ 10.06.22-ലെ 5(1) നം. തീരുമാന പ്രകാരം ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക പഞ്ചായത്തിന്റെ ബാധ്യതയല്ലാത്തതിനാൽ കൃത്യതയില്ലാത്ത തുക അടവാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിഷയം 18.06.22, 17.11.23 തീയതികളിൽ വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുടാപ്പുകൾ നീക്കം ചെയ്യുന്നതിനായി വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 4280/D-3/2023/PHD-SHRUR-PKD/28.11.23- എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽപ്രൊജക്ട് പ്രകാരം 187 കണക്ഷനുകൾ ഒഴിവാക്കുന്നതിനായി 250000രൂ കൈമാറിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിക്കായി വാട്ടർഅതോറിറ്റിയുമായി ഏർപ്പെട്ട എഗ്രിമെന്റ്, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, വാട്ടർഅതോറിറ്റിയുടെ ആംനസ്റ്റി പദ്ധതിയിലുൾപ്പെടുത്തി കുടിശ്ശിക തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് അന്വേഷണം 20/17.09.25 മുഖേന ആവശ്യപ്പെട്ടതിന് എഗ്രിമെന്റിലേർപ്പെട്ടിട്ടില്ലെന്നും ഷൊർണ്ണൂർ പി എച്ച് ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19.09.25-ലെ കത്ത് പ്രകാരം 175 ടാപ്പുകൾ ഒഴിവാക്കിയിട്ടുണ്ടെന്നും ആംനസ്റ്റി പദ്ധതി നിലവിലില്ലെന്ന് അറിയിച്ചുവെന്നും മറുപടി ലഭ്യമാക്കി.
എസ്റ്റിമേറ്റ് പ്രകാരം 187കണക്ഷനുകൾ ഒഴിവാക്കുന്നതിനാണ് 250000രൂ വാട്ടർ അതോറിറ്റിക്ക് നൽകിയിരിക്കുന്നത്. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 175 കണക്ഷനുകൾ ഒഴിവാക്കിയതായാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ആയത് ഉറപ്പുവരുത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതുമാണ്. കുടിശ്ശിക തീർപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടപടി സ്വീകരിക്കേണ്ടതും തുടർന്നുള്ള ഡിമാന്റ് നോട്ടിസിൽ ഒഴിവാക്കിയ ടാപ്പുകളുടെ വെള്ളക്കരം കുറവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരു ത്തേണ്ടതുമാണ്. നടപടി ക്രമങ്ങൾ പാലിച്ച് മാത്രം ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുമാണ്.

1-28 പൊതുസ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തിയായിട്ടില്ല

പ്രൊജക്ട്	261/25, പൊതുസ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ
അടങ്കൽ	₹900000 (₹250000-തനത് ഫണ്ട്, ₹650000-ജില്ലാപഞ്ചായത്ത് വിഹിതം)
ചെലവ്	₹183218-തനത് ഫണ്ട്
ബിൽ നം./ തീയതി	

പൊതുസ്ഥലങ്ങളിൽ മാലിന്യമിടുന്നത് തടയുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ലക്ഷ്യംവെച്ചാണ് പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത്.

ഭരണസമിതിയുടെ 11.03.25 ലെ 2(4) നമ്പർ തീരുമാനം പ്രകാരം കെൽട്രോൺ മുഖേന പ്രവൃത്തി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഒന്നാം ഘട്ടത്തിൽ വാർഡ് ഒന്നിലെ അമ്പാടി ടോഡി ഷോപ്പ് പരിസരത്ത് Standalone Outdoor Surveillance Camera System With AI &ANPR സ്ഥാപിക്കുന്നതിനും Centralised Monitoring Station പഞ്ചായത്ത് ഓഫീസിൽ സെറ്റ് ചെയ്യുന്നതിനും കത്ത് നം. എ3-25/2025/19.03.25 പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 24.03.25-ന് ഗ്രാമപഞ്ചായത്ത്

സെക്രട്ടറിയും കെൽട്രോൺ ജനറൽ മാനേജരുമായി കരാറിലേർപ്പെടുകയും പ്രവൃത്തിയ്ക്കായി വരുന്ന ആകെ ചെലവായ (Camera System With AI –297136, Monitoring System – 160908) 458044രൂപയുടെ 40% ആയ183218രൂപ മൻകൂറായി നൽകുന്നതിന് തീരുമാനിക്കുകയും ഇക പ്രൊജക്ട് പ്രകാരം അനുവദിക്കുകയും ചെയ്യ. 40 % മൻകൂർ ആയും ബാക്കി 60 % ഇക പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിനുശേഷം നൽകുന്നതിനും 3 വർഷത്തെ ഓൺസൈറ്റ് വാറണ്ടി, 3 വർഷത്തെ ഇന്റർനെറ്റ് കണക്റ്റിവിറ്റി ചാർജ്ജ് എന്നിവയും ഉപകരണത്തിന്റെ പ്രവർത്തനം ഉപയോഗം എന്നിവ സംബന്ധിച്ച് കെൽട്രോൺ ടെയിനിംഗ് നൽകുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് തിയ്യതി മുതൽ 60 ദിവസമാണ് പ്രവൃത്തിയുടെ കാലാവധി. ഇത് പ്രകാരം സിസിടിവി സ്ഥാപിക്കൽ പൂർത്തിയായതിന്റെ വിവരം, കെൽട്രോണിൽ നിന്നും ലഭ്യമായ ടെയിനിംഗ് സംബന്ധിച്ച വിശദാംശം, സിസിടിവി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയതിന്റെ വിശദാംശം, പരിശോധനാ ഇടവേളകൾ, നാളിതു വരെ സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 15/16.09.25 നൽകിയതിന് ക്യാമറ സ്ഥാപിക്കുന്നതിനുവേണ്ടി പോളുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.
എഗ്രിമെന്റ് ഇക കൈമാറി 60 ദിവസത്തനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണെങ്കിലും പോൾ സ്ഥാപിക്കൽ അല്ലാതെ ഇടർ നടപടികളൊന്നും തന്നെ നടന്നിട്ടില്ല. പൊതു സ്ഥലങ്ങളിൽ മാലിന്യമിടുന്നത് തടയുക എന്ന ലക്ഷ്യത്തോട് ആവിഷ്കരിച്ച പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും മോണിറ്ററിംഗിനായി നടപടി സ്വീകരിക്കേണ്ടതുമാണ്. ഇതിലേക്ക് നിർവഹണ ഉദ്യോഗസ്ഥൻ, ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1–29 ഹോമിയോ മരുന്നു വാങ്ങൽ– കൈമാറിയ മുഴുവൻ ഇകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല

പ്രൊജക്ട്	18/25, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	150000 (50000–ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 100000–തനത് ഫണ്ട്)
ചെലവ്	150000 (50000–ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 100000–തനത് ഫണ്ട്)
ബിൽ നം./ തീയതി	50000– Xvfc/2024–25/30.12.24 100000–36/28.01.25

ജില്ലാ മെഡിക്കൽ ഓഫീസർ – ഹോമിയോ-ൽ നിന്നും ലഭ്യമായ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശ്രീകൃഷ്ണപുരം ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് (NHM HOMEO) മരുന്ന് വാങ്ങുന്നതിനായാണ് പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. ഇതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (HOMCO) പ്രൊഫോമ ഇൻവോയ്സ് PF-838/10.12.24 പ്രകാരം 50000രൂ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. പ്രൊജക്ടുമായി ബന്ധപ്പെട്ട് HOMCO -ലിമിറ്റഡുമായി ഏർപ്പെട്ട കരാർ, കൈമാറിയ തുകയ്ക്കുള്ള മരുന്നു ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്നിവ രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/12.09.25) പ്രൊജക്ടുമായി ബന്ധപ്പെട്ട് ഹോംകോയിൽ നിന്നും കരാർ ലഭ്യമായിട്ടില്ലെന്നും ഹോംകോ-യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. അടിയന്തിര നടപടി സ്വീകരിച്ച് മരുന്നു ലഭ്യമാക്കേണ്ടതും തുടർനടപടി യുടെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

1-30 എഞ്ചിനീയറിംഗ് കോളേജിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് – പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രൊജക്ട്	299/25, എഞ്ചിനീയറിംഗ് കോളേജിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം
അടങ്കൽ	₹2390000 (500000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 1890000- കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ്	₹500000 -ധനകാര്യ കമ്മീഷൻ ഗ്രാന്റ്
വൗച്ചർ നം./ തീയതി	XVFC/2024-25/P/60/22.03.25-360000 XVFC/2024-25/P/61/22.03.25-100000 XVFC/2024-25/P/67/25.03.25-40000

പുനരുപയോഗം ചെയ്യുവാൻ കഴിയുന്ന മലിനജലം (ഗ്രേ വാട്ടർ) കമ്മ്യൂണിറ്റി തലത്തിൽ സംസ്കരിക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി ഫേസ് 2 പ്രകാരം (സ ഉ (സാധാ)നം.1375/2021/ത സ്വ ഭ വ തീയതി22.07.21) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നൽകി വരുന്നു.

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1494/A/2022 SM/09.11.23-കത്ത് പ്രകാരം കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയാണ് (KRWSA) പാലക്കാട് ജില്ലയിൽ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നത്. കൂടാതെ ത സ്വ ഭ (ഡബ്ല്യൂ എം) വകുപ്പിന്റെ 01.10.24-ലെ സ.ഉ. (സാധാ) നം. 1835/2024/LSGD പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയായി പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കാവുന്നതാണ്.

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) നിർദേശങ്ങൾ പാലിച്ചും ഗ്രേ വാട്ടർ മാനേജ്മെന്റ് മാന്വൽ പ്രകാരം നിഷ്കർഷിച്ച സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുമാണ് പദ്ധതികൾ രൂപീകരിക്കേണ്ടതെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1494/A/2022 SM/09.11.23-കത്തിൽ പരാമർശിച്ചിട്ടുണ്ട്.

പദ്ധതിയ്ക്കായി ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും (ഒന്നാം കക്ഷി) KRWSA-യ്ക്ക് വേണ്ടി മലപ്പുറം മേഖലാ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് ഡയറക്ടറും (രണ്ടാം കക്ഷി) തമ്മിൽ 21.03.25 (കരാർ നം.KRWSA/MLPM/SBM/SREEKRISHNAPURAM/05/25) കരാറിൽ ഏർപ്പെടുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് 500000രൂ KRWSA-യ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളജിലാണ് പ്രൊജക്ട് പ്രകാരമുള്ള ഗ്രേ വാട്ടർ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിനായി (ദ്രവമാലിന്യ സംസ്കരണം പ്ലാന്റ്) തീരുമാനിച്ചിരിക്കുന്നത്. കരാർ പ്രകാരം പദ്ധതിയുടെ (ഭരണാനുമതി (2(2)/11.03.25)) ആകെ അടങ്കൽ സി എഫ് സി ടൈഡ് ഫണ്ട് 810000രൂപയും ശുചിത്വമിഷൻ ഫണ്ട് 1890000രൂപയും ഉൾപ്പടെ 2700000രൂപയാണ്.

പഞ്ചായത്തും നിർവ്വഹണ ഏജൻസിയും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. കരാർ ഉടമ്പടി നിബന്ധന 2 പ്രകാരം പ്രവൃത്തികൾനടത്തുന്ന (ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതോ അല്ലാത്തതോ ആയ) സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത പ്രവൃത്തി ആവശ്യമാണെന്നും ആയതിനുള്ള അടിസ്ഥാന സാഹചര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനം ഒരുക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് സ്ഥാപന മേലധികാരിയുടെ കത്തും അത് അംഗീകരിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനവും നിർവഹണ ഏജൻസിക്ക് ലഭ്യമാക്കേണ്ടതാണ്.

2. നിബന്ധന 6പ്രകാരം കരാർ ഒപ്പിട്ട് ഏഴ പ്രവൃത്തി ദിവസങ്ങൾക്കകം പ്രവൃത്തിയുടെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ രണ്ടാം കക്ഷി ഒന്നാം കക്ഷിക്ക് നൽകേണ്ടതും പരമാവധി 10 ദിവസത്തിനുള്ളിൽ ഒന്നാം കക്ഷിയിൽ നിന്നും അംഗീകരിച്ച് ലഭിക്കുന്നതിനനുസരിച്ച് മൂന്നു ദിവസത്തിനുള്ളിൽ രണ്ടാം കക്ഷിയുടെ എഞ്ചിനീയർമാർ പദ്ധതിക്ക് സാങ്കേതിക അനുമതി നൽകേണ്ടതുമാണ്.

3. നിബന്ധന 7പ്രകാരം രണ്ടാം കക്ഷി സാങ്കേതിക അനുമതിയും ആയതിന്റെ 50% തുക രണ്ടാം കക്ഷിയുടെ അക്കൗണ്ടിലേക്ക് ആദ്യ ഗഡുവായി കത്ത് സമർപ്പിക്കുന്ന മുറയ്ക്ക് 10 ദിവസത്തിനുള്ളിൽ ഡെപ്പോസിറ്റായി നൽകേണ്ടതാണ്. കൂടാതെ തുക ലഭിച്ചതുമുതൽ ഒമ്പതു മാസത്തിനുള്ളിൽ രണ്ടാം കക്ഷി പ്രവൃത്തി പൂർത്തീ കരിക്കേണ്ടതാണ്.

4. പദ്ധതി കാലയളവിലും തുടർന്നും പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലനവും മോണിറ്റർ ചെയ്യുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും ഗ്രേ വാട്ടർ മാനേജ്മെന്റ് കമ്മിറ്റി പഞ്ചായത്ത് ഭരണസമിതി രൂപം നൽകേണ്ടതാണ്.

5. പദ്ധതിയുടെ ഡിറ്റെയ്ൽഡ് പ്രൊജക്ട് റിപ്പോർട്ട്

ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാനാവശ്യപ്പെട്ട് എഞ്ചിനീയറിംഗ് കോളേജ് അധികാരികൾ നൽകിയ കത്ത്, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, ഗ്രേവാട്ടർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് 19-09-2025ൽ 27-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ബഹുവർഷ പ്രൊജക്ടായി നടത്തുന്നതിനാണ് കരാറിലേർപ്പെട്ടിട്ടുള്ളതെന്നും സി എഫ് സി ഫണ്ടിൽ നിന്നും 500000രൂ കൈമാറിയിട്ടുണ്ടെന്നും ശുചിത്വമിഷനിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും 50% തുക അഡ്വാൻസായി നൽകിയാൽ മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കുകയുള്ളുവെന്നും അറിയിച്ചു. ഷെഡ്യൂൾ ഓഫ് റേറ്റ് മാറിയതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള ഭരണസമിതി തീരുമാനം KRWSA ആവശ്യപ്പെട്ടിട്ടുണ്ടെന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സൈറ്റ് ഹാൻഡ് ഓവർ നടപടികൾ

സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.
പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഉത്തരവുകൾ, നടപടിക്രമങ്ങൾ എന്നിവ പാലിക്കേണ്ടതും പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയും സമയബന്ധിതമായ പൂർത്തീകരണവും ഉറപ്പുവരുത്തേണ്ടതുമാണ്. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

1-31 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫോം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ താഴെ സൂചിപ്പിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തിയിൽ മേൽസൂചിപ്പിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല.

ക്രമ നം.	പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി	ടെണ്ടർ അംഗീകരിച്ച തീയതി	സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി	എഗ്രിമെന്റ് തീയതി, കരാറുകാരൻ
1.	167/25-കൃഷിഭവൻ കോൺഫറൻസ് ഹാൾ നവീകരണം. 742832രൂപ ബിൽ നം. 74/23-3-2024-395650/- ബിൽ നം. 35/25-9-2024-400150/-	27-12-2023	3-1-2024	33/AE/LID&EW/ALR-GP/18-1-2024 സി.ജെ.ജോയ്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/16-9-2025) ന് ലഭ്യമാക്കിയ മറുപടിയിൽ പ്രൈസ് സോഫ്റ്റ്വെയർ മുഖേന അയക്കുന്ന ലെറ്റർ ഓഫ് ആക്സപ്റ്റൻസിൽ ആയത് അയച്ച ശേഷം 14 "പ്രവൃത്തി" ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വെയ്ക്കണം എന്നാണ് ചേർത്തിരിക്കുന്നത് എന്നും ആയതിനാൽ 14 പ്രവൃത്തി ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വെച്ചിരിക്കുന്നു എന്നും സൂചിപ്പിച്ചിട്ടുണ്ട്.
പ്രൈസ് സോഫ്റ്റ് വെയറിൽ വന്ന പിശക് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും മരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം പാലിച്ചുകൊണ്ട് എഗ്രിമെന്റ് വെയ്ക്കുകയും ചെയ്യേണ്ടതാണ്.

1-32 നിശ്ചിത സമയപരിധിക്കുള്ളിൽ സെലക്ഷൻ നോട്ടീസ് (ലെറ്റർ ഓഫ് ആക്സപ്റ്റൻസ്) അയച്ചിട്ടില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. എന്നാൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ മാന്വലിലെ നിബന്ധന പ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി	ടെണ്ടർ അംഗീകരിച്ച തീയതി	സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി	എഗ്രിമെന്റ് തീയതി, കരാറുകാരൻ
1.	171/25-ചേറുംകുടി റോഡ് റീടാറിംഗ് 476056 ബിൽ നം. 33/27-6-2024-561738/-	18-10-2023	**9-11-2023**	**7/AE/LSGD/SKPM/13-11-2023 എം.എം. ജോൺ**

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/16-9-2025) ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതി തീരുമാനം ലഭിക്കാൻ വൈകിയതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മരാമത്ത് മാന്വലിലെ സമയക്രമം പാലിച്ചുകൊണ്ട് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-33 മരാമത്ത് പ്രവൃത്തിയിൽ ഇൻഷൂറൻസ് കവറേജ് എടുത്തിട്ടില്ല-ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് പിഴ ഈടാക്കി

മരാമത്ത് പ്രവൃത്തികളുടെ നിബന്ധനകളിൽ ഓരോ പ്രവൃത്തിക്കും പ്രവൃത്തിയുടെ ആരംഭത്തിൽ നിന്നും 15 ദിവസത്തിനകം ഇൻഷൂറൻസ് കവർ എടുക്കണമെന്നും അല്ലാത്ത പക്ഷം ബില്ലിൽ നിന്നും കരാർ തുകയുടെ 0.2% ടി ഇനത്തിൽ ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയുടെ ഇൻഷൂറൻസ് കവർ എടുത്തിട്ടില്ല.

പ്രോജക്ടിന്റെ നം. , പേര് : SO 169/25- അസി. എഞ്ചിനീയറുടെ ഓഫീസിലേക്ക് ഇൻവെർട്ടർ

ചെലവ്: , ബിൽ നം. , തീയ്യതി	ബിൽ നം. 28/ 2-9-2024-99901 /-
കരാർ നം., അളവു പുസ്തകം:	**49/AE/LSGD/SKPM/16-3-2024** , E MBook
കരാർ തുക	81272
കരാറുകാരൻ:	പ്രദീപൻ

ഈടാക്കേണ്ട ഇൻഷൂറൻസ് കവർ തുക(0.2%)	163
ഈടാക്കിയത് ഇൻഷൂറൻസ് കവർ തുക	-
ഈടാക്കിയതിൽ കുറവ്:	163

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (16/16-9-2025) അടിസ്ഥാനത്തിൽ ഇൻഷൂറൻസ് കവർ ഇനത്തിൽ അടവാക്കേണ്ട പിഴ 163രൂ. ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. രസീതിയുടെ (നം-R-G090405 -25002596/19-9-2025) ആധികാരികത പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട്.

1-34 ഓഡിറ്റ് ഇംപാക്ട്-പൂർത്തീകരണ കാലാവധി വൈകിയതിന് പിഴ ഈടാക്കിയില്ല.ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കി-

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

Period	Rate Of Fine
First Extension (Shall Not Exceed 25% Of The Original Time Or Six Months Whichever Is Less)	1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000
Beyond First Extension	2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിന്റെ നം. , പേര് : SO 166/25- 4സെന്റ് കോളനി റോഡ് നവീകരണം

ചെലവ്: , ബിൽ നം. , തീയ്യതി	ബിൽ നം. 18/ 10-07-2024- 225943 /-

കരാർ നം., അളവു പുസ്തകം:	**2/AE/LSGD/SKPM/6-10-2023** , E MBook
പി.എ.സി.	254235
കരാറുകാരൻ:	**ശ്രീധരൻ**
സ്ഥലം കൈമാറിയ തീയ്യതി.	11-10-2023
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: (6 Months- As Per LOA)	10-4-2024
പൂർത്തീകരിച്ച തീയ്യതി:	4-7-2024
ഈടാക്കേണ്ട പിഴ (3%)	7627
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	7627

2. പ്രോജക്ടിന്റെ നം. , പേര് : SO 169/25- അസി. എഞ്ചിനീയറുടെ ഓഫീസിലേക്ക് ഇൻവെർട്ടർ

ചെലവ്: , ബിൽ നം. , തീയ്യതി	ബിൽ നം. 28/ 2-9-2024- 99901 /-
കരാർ നം., അളവു പുസ്തകം:	**49/AE/LSGD/SKPM/16-3-2024** , E MBook
പി.എ.സി.	81298
കരാറുകാരൻ:	പ്രദീപൻ
സ്ഥലം കൈമാറിയ തീയ്യതി.	16-3-2024
കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: (4 Months- As Per LOA)	15-7-2024
പൂർത്തീകരിച്ച തീയ്യതി:	21-8-2024
ഈടാക്കേണ്ട പിഴ (3%)	3000
ഈടാക്കിയത്	-
ഈടാക്കിയതിൽ കുറവ്:	3000

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/16-9-2025) ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിലുള്ള മേൽസൂചിപ്പിച്ച തുകകൾ അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. രസീതികളുടെ (നം. R- G090405-25002591/19-9-2025 Rs. 7627, നം. R-G090405-25002595/19-9-2025 Rs. 3000) ആധികാരികത പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട്.

1-35 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് **2021-22** വർഷം മുതൽ ആരോഗ്യ മേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണവകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്. ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് **(നം.02/10.09.2025)** ലഭ്യമാക്കിയ മറുപടി പ്രകാരം **2024-25** വർഷം വരെ ഗ്രാന്റ് ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു. സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യകേന്ദ്രവും ഒരു ആയുർവ്വേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് (NHM) നിലവിലുള്ളത്. കുടുംബാരോഗ്യകേന്ദ്രത്തിന് ആകെ 4 ഉപകേന്ദ്രങ്ങളാണുള്ളത്. എല്ലാ സബ്സെന്ററുകളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ സബ്സെന്ററുകളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ സ്കീം-1ൽ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

2021-22 വർഷം മുതൽ 31.03.2025 വരെ ലഭ്യമായ ഗ്രാന്റിന്റെയും നടപ്പാക്കിയ പ്രവർത്തനങ്ങളുടെയും വിവരം

സ്കീം 3 -ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ലഭ്യമായ ഫണ്ട്.

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	പലിശ	ആകെ	ചെലവ്	നീക്കിയിരിപ്പ്
2022-23	0	285666	3756	289422	182446	106976
2023-24	106976	837000	12916	956892	880602	76290
2024-25	76290	350000	5535	431825	106745	325080

സ്കീം 4 -ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ - ലഭ്യമായ ഫണ്ട്

വർഷം	മുൻബാക്കി	തൻവർഷം ലഭ്യമായ തുക	പലിശ	ആകെ	ചെലവ്	നീക്കിയിരിപ്പ്
2022-23	0	233000	2961	235961	90000	145961
2023-24	145961	356000	8306	510267	285257	225010

2024-25	225010	566000	8404	799414	212948	586466

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് മൂന്ന സബ്സെന്ററുകളിൽ FTTH കണക്ഷൻ എടുക്കുകയും ആയതിന്റെ പ്രതിമാസബിൽ ഗ്രാന്റ് തുകയിൽ നിന്നും നൽകിവരുന്നു. ലാബിൽ Fully Automatic Biochemistry Analyser ഗ്രാന്റ് തുകയിൽനിന്ന വാങ്ങി ഉപയോഗിച്ചുവരുന്നു. അതത് ഫണ്ടുകളുപയോഗിച്ച് ലാബ് റീ ഏജന്റ്സ് വാങ്ങൽ, രോഗനിർണ്ണയത്തിനായി ഉപകരണങ്ങൾ വാങ്ങൽ എന്നീ പ്രൊജക്ടുകൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

. ചെലവഴിക്കാൻ ശേഷിക്കുന്ന തുക സമയബന്ധിതമായും ഫലപ്രദമായും സർക്കാർ നിർദ്ദേശപ്രകാരം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

. ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവർ ഹെൽത്ത് ഗ്രാന്റ് വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ്.

1-36 ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് അവലോകനം

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും 2024- നകം കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. കേന്ദ്രസർക്കാർ 21.12.2019-ൽ പുറപ്പെടുവിച്ച ജലജീവൻ മിഷൻ സംബന്ധിക്കുന്ന മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്നാണ്. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്.

ഗ്രാമപഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സ്ഥാപനം നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/10-9-2025) മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകനം താഴെ ചേർക്കുന്നു.

പദ്ധതിയുടെ ഭാഗമായി 20-6-2024 ലെ ഭരണസമിതി തീരുമാന നമ്പർ 5(1) പ്രകാരം ഗ്രാമപഞ്ചായത്ത് ,നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി, നിർവ്വഹണ സഹായക ഏജൻസിയായ രാജീവ് യൂത്ത് ഫൗണ്ടേഷൻ മഞ്ചേരി എന്നിവർ ഉൾപ്പെട്ട ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിർവ്വഹണ സഹായക ഏജൻസിയായ രാജീവ് യൂത്ത് ഫൗണ്ടേഷൻ മഞ്ചേരി പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ക്ലാസുകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്.
2021-22, 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിൽ ഒന്നുംതന്നെ ജലജീവൻ പദ്ധതിക്കായി വാട്ടർ അതോറിറ്റിയിലേക്ക് പഞ്ചായത്ത് വിഹിതം അടവാക്കിയിട്ടില്ല. ടി കാലയളവിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടുമില്ല.

19.04.2022 തീയതിലെ സ.ഉ.(കൈ) നം.84/2022/LSGD നമ്പർ പ്രകാരമുള്ള പതിനാലാം പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 8.1(ബി)(23) ഖണ്ഡികയിൽ ഗ്രാമീണ മേഖലയിൽ എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള "ജൽജീവൻ മിഷൻ" പരിപാടി വ്യാപിപ്പിക്കുന്നതിനും വിഹിതം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ 15% വിഹിതം കണ്ടെത്തുന്നതിന് തനത് ഫണ്ടിന് പുറമേ പൊതുവിഭാഗം സാധാരണ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക് — ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിനായുള്ള ശ്രമങ്ങളൊന്നും നടത്തിയിട്ടില്ല.

സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് പദ്ധതിയ്ക്ക് തുക വകയിരുത്തി വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കാനും പദ്ധതി പുരോഗതി വിലയിരുത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനും ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം –2
വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –3
ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3–1 സ്കോളർഷിപ്പ് ഇനത്തിൽ തുക അധികം നൽകി –

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അധികം നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. , പേര്	SO 60/25–ഭിന്നശേഷി സ്കോളർഷിപ്പ്
ചെലവ് തുക , ഫണ്ടിനം	1236000 (വികസനഫണ്ട്–പൊതുവിഭാഗം)
ബിൽ വിവരങ്ങൾ	നം. 40/20–1–2025, 759400/– നം. 43/24–1–2025, 66000/– നം. 44/10–3–2025, 214900/– നം. 45/10–3–2025, 45700/–

	നം. 52/15-3-2025, 150000/-

സ.ഉ.(കൈ) നം. 115/2022/LSGD തീയതി 28-05-2022 പ്രകാരം സബ്സിഡി മാർഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനെക്കാൾ അധികരിച്ച് താഴെ രേഖപ്പെടുത്തിയിട്ടുള്ള വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. വിദ്യാർത്ഥികളുടേയും അധികം നൽകിയ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	പഠിക്കുന്ന ക്ലാസ്സ്	വൈകല്യത്തിന്റെ തരം	അനുവദിക്കാവുന്ന തുക	അനുവദിച്ച തുക	അധികം അനുവദിച്ചത്	റിമാർക്സ്
അർജ്ജുൻ .സി.ആർ	പ്രീപ്രൈമറി	ചലന വൈകല്യം	5300	6600	1300	കുട്ടി ബഡ്സ് സ്കൂളിൽ പഠിക്കുന്നതിനാൽ സ്ഥാപനത്തിന്റെ വാഹനത്തിൽ സൗജന്യമായാണ് യാത്ര ചെയ്യുന്നത്. ആയതിനാൽ യാത്രാ ബത്തയ്ക്ക് അർഹതയില്ല.
അഭിജിത്ത്	പ്രീപ്രൈമറി	ചലന വൈകല്യം	5300	6600	1300	കുട്ടി ബഡ്സ് സ്കൂളിൽ പഠിക്കുന്നതിനാൽ സ്ഥാപനത്തിന്റെ വാഹനത്തിൽ സൗജന്യമായാണ് യാത്ര ചെയ്യുന്നത്. ആയതിനാൽ യാത്രാ ബത്തയ്ക്ക്

						അർഹത യില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/22-9-2025) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക തിരികെ ഈടാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം അധികം നൽകിയ 2600/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കി ഒടുക്കു വരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻകുയറി നമ്പർ 05/10.09.2025)

1) 01.04.2024 മുതൽ 31.03.2025 വരെയിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെയുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
18	72,500.00	72,500.00	0.00	ആകെ ഒടുക്കിയ 72,500/- രൂപയിൽ 500/- രൂപ മുൻ കൂടിശ്ശിക ഇനത്തിൽ ഒടുക്കിയതാണ്.

2) 01.04.2024 മുതൽ 30.06.2024 വരെയിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി	റിമാർക്സ്

		തുക (07/2022 അല്ലെങ്കിൽ 07/2023 മുതലുള്ള കൂടിശ്ശിക ഉൾപ്പെടെ)	ഒടുക്കിയ തുക	നിൽക്കുന്ന തുക	
ഇല്ല					

3) 07/2024 മാസത്തിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കൂടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല					

4) **01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കൂടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഇല്ല					

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2024-25	10.09.2025 മുതൽ 22.09.2025 വരെ	അനുബന്ധമായി ചേർത്തിട്ടുണ്ട്

4-3 സംയുക്ത പ്രൊജക്ടിന്റെ വിവരം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	നീക്കിബാക്കി
ബ്ലോക്ക് പഞ്ചായത്ത്	24-25	344470	30/25-സമഗ്ര നെൽകൃഷി വികസനം	344470	0
	,,	150000	60/25-ഭിന്നശേഷി സ്കോളർഷിപ്പ്	150000	0
	,,	100000	268/25, ക്ഷീരകർഷർക്ക് പാലിന് സബ്സിഡി	100000	0
ആകെ		594470		594470	
ജില്ലാ പഞ്ചായത്ത്	24-25	210000	30/25-സമഗ്ര നെൽകൃഷി വികസനം	210000	0
		434892	208/25-ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ	434892	0
		150000	268/25, ക്ഷീരകർഷർക്ക് പാലിന് സബ്സിഡി	150000	
ആകെ		794892		794892	

വാർഷിക കണക്ക് I-6 ഷെഡ്യൂൾ പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് 360000രൂപയാണ്. സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുഴുവൻ ചെലവു തുകയും (₹794892) വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ താഴെചേർക്കും പ്രകാരം ശേഷിക്കുന്നുണ്ട്. 23-24 വർഷവും 24-25 വർഷവും പ്രസ്തുത തുകകൾ നീക്കിയിരിപ്പായി നിലനിൽക്കുന്നുണ്ട്.

ഹെഡ്	24-25-ലെ നീക്കിയിരിപ്പ്

320700105-Jillapanchayath	₹435000
320700204-Block Panchayath	₹1064321
320700205-Jillapanchayath	₹245727
320700405-Jillapanchayath	₹122790

ചെലവഴിക്കാത്തപക്ഷം തുക സ്രോതസ്സിലേക്ക് തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ക്രമനം	പ്രൊജക്ട് നമ്പറും പേരും	അടങ്കൽ ഫണ്ടിനം	ചെലവ് ബിൽ നമ്പർ , തീയ്യതി	നിർവഹണ ഏജൻസി	റിമാർക്സ്
1	210/25, സ്ട്രീറ്റ് മെയിൻ വിത്ത് പോസ്റ്റ് സ്ഥാപിക്കൽ	55980, വികസനഫണ്ട് എസ് സി പി	55196 45/12.02.25	കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, ശ്രീകൃഷ്ണപുരം	നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചു വിനിയോഗ വിവരം ലഭ്യമായി
2	252/25 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	100000 തനതുഫണ്ട്	22401056/ 20.03.25- ₹91535 22400929/ 22.02.25 - ₹8465	കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ, ശ്രീകൃഷ്ണപുരം	പ്രവൃത്തി പൂർത്തീകരിച്ചു. വിനിയോഗ വിവരം ലഭ്യമായി

4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം ലഭിച്ചത്	ആകെ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	

ലൈഫ് മിഷൻ -ഭവന നിർമ്മാണം KURDFC		9424100	5285532	14709632	1560651	0	13148981

സ്രോതസ്സിൽ നിന്നും കുറവുചെയ്ത 1560651രൂ ആകെ ലോൺ തുകയിൽ നിന്നും കുറവാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രിക B5 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 14709632 രൂപയാണ്.

4-7 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1236512
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	1236512
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (പലിശ ഉൾപ്പടെ)	1338524

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക (രൂപയിൽ)	റിമാർക്ക്സ്
1	ശ്രീകൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്	23.03.2024	1 വർഷം	669262	നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് യഥാസമയം പുതുക്കി നിക്ഷേപിക്കുന്നതിനും ഈയിനത്തിലുള്ള പലിശ വരവിലെ നഷ്ടം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്
2		23.03.2024	1 വർഷം	669262	
ആകെ				1338524	

23.03.2025-ൽ Due ആയ സ്ഥിരനിക്ഷേപങ്ങൾ പുതുക്കിയിരിക്കുന്നത് 09.04.25-തീയതിയിലാണ്. പുതുക്കിയ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്)	FD No., പുതുക്കി നിക്ഷേപിച്ച തിയതി	കാലയളവ്	തുക (രൂപയിൽ)	റിമാർക്ക്സ്
1	ശ്രീകൃഷ്ണപുരം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്	0010400168359 09.04.2025	1 വർഷം	724476	

2		0010400168360 09.04.2025	1 വർഷം	724476	
ആകെ				1448952	

4–8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് കാലയളവിൽ ഓഡിറ്റ് റിക്കവറി ഇല്ല

4–9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23– വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
–	പ്രത്യേക അവലോകനം	2014–15	5–7	മൃഗസംരക്ഷണം, ക്ഷീരവികസന മേഖല പ്രത്യേക അവലോകനം	സിറ്റിംഗ് നടന്നിട്ടില്ല
–	പ്രത്യേക അവലോകനം	2016–17	9.3.2	ജലവിതരണവും തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യതയും	സിറ്റിംഗ് നടന്നിട്ടില്ല
2014–15	2.1	2016–17	അധ്യായം 1– വസ്തുനികുതി അനുബന്ധം 3	വസ്തുനികുതി അവലോകനം	സിറ്റിംഗ് കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമായിട്ടില്ല
2014–15	2–3, 2–4	2016–17	അധ്യായം 2 –തൊഴിൽ നികുതി അവലോകനം അനുബന്ധം 4	തൊഴിൽ നികുതി അവലോകനം	സിറ്റിംഗ് കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമായിട്ടില്ല
2015–16	2–4	2016–17	അധ്യായം 2 – തൊഴിൽ നികുതി അവലോകനം അനുബന്ധം 5	തൊഴിൽ നികുതി അവലോകനം	സിറ്റിംഗ് കഴിഞ്ഞു. റിപ്പോർട്ട് ലഭ്യമായിട്ടില്ല

4–10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

വിശദാംശങ്ങൾ	തുക
മുന്നിരിപ്പ് ഉൾപ്പെടെ വരവ്	₹84689138
ഓഡിറ്റ് വർഷത്തെ ചെലവ്	₹53312752
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	2600 രൂ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	2600രൂപ	ശ്രീമതി. ജിസ എസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ
	ആകെ	2600രൂ.	

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക- ഇല്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. ജിസ എസ്. , ഐ..സി.ഡി.എസ്. സൂപ്പർവൈസർ	ഐ..സി.ഡി.എസ്. സൂപ്പർവൈസർ , ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്	ഉടാൻ ഹൗസ്, ആല, കോതപ്പറമ്പ്പി.ഓ

		തൃശ്ശൂർ പിൻ- 680668

4-12 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം
1997-98	കെ.എസ്.എ-പി.കെ.ഡി-12/499/22 തീയതി 23.11.22 അദാലത്ത്	ഇല്ല
1998-99	കെ.എസ്.എ-പി.കെ.ഡി-12/499/22 തീയതി 23.11.22 അദാലത്ത്	ഇല്ല
1999-00	കെ.എസ്.എ-പി.കെ.ഡി-12/530/22 തീയതി 23.11.22 അദാലത്ത്	ഇല്ല
2000-01	കെ.എസ്.എ-പി.കെ.ഡി-12/522/22 തീയതി 22.11.22 അദാലത്ത്	1
2001-02	കെ.എസ്.എ-പി.കെ.ഡി-12/528/22 തീയതി 22.11.22 അദാലത്ത്	1
2002-03	കെ.എസ്.എ-പി.കെ.ഡി-12/528/22 തീയതി 23.11.22 അദാലത്ത്	ഇല്ല
2003-04	കെ.എസ്.എ-പി.കെ.ഡി-12/529/22 തീയതി 23.11.22 അദാലത്ത്	1
2004-05	കെ.എസ്.എ-പി.കെ.ഡി-12/529/22 തീയതി 23.11.22 അദാലത്ത്	ഇല്ല
2005-06	കെ.എസ്.എ-പി.കെ.ഡി-12/529/22	ഇല്ല

	തീയതി 23.11.22 അദാലത്ത്	
2006–07	കെ.എസ്.എ–പി.കെ.ഡി–12/528/22 തീയതി 22.11.22 അദാലത്ത്	4
2007–08	കെ.എസ്.എ–പി.കെ.ഡി–12/529/22 തീയതി 23.11.22 അദാലത്ത്	ഇല്ല
2008–09	കെ.എസ്.എ–പി.കെ.ഡി–12/499/22 തീയതി 22.11.22 അദാലത്ത്	ഇല്ല
2009–10 & 2010–11	കെ.എസ്.എ–പി.കെ.ഡി–12/499/22 തീയതി 23.11.22 അദാലത്ത്	4
2011–12	കെ.എസ്.എ–പി.കെ.ഡി–12/529/22 തീയതി 22.11.22 അദാലത്ത്	5
2012–13	കെ.എസ്.എ–പി.കെ.ഡി–12/355/22 (1) തീയതി 23.11.22 അദാലത്ത്	1
2013–14 & 2014–15	കെ.എസ്.എ–പി.കെ.ഡി–12/355/(2)22 തീയതി 23.11.22 അദാലത്ത്	1
2015–16	കെ.എസ്.എ–പി.കെ.ഡി–12/355/22 തീയതി 23.11.22 അദാലത്ത്	4
2016–17	കെ.എസ്.എ–പി.കെ.ഡി–12/356/22 തീയതി 23.11.22 അദാലത്ത്	ഇല്ല
2017–18	കെ.എസ്.എ–പി.കെ.ഡി–12/357/22 തീയതി 23.11.22 അദാലത്ത്	4
2018–19	കെ.എസ്.എ–പി.കെ.ഡി–12/358/22 തീയതി 23.11.22 അദാലത്ത്	4

2019–20	KSA.PKD12/1519/21 Dt. 28–01–2022	4
2020–21	കെ.എസ്.എ.പി.കെ.ഡി. 12/1520/21 തീയ്യതി: 15/02/2022	16
2021–22	കെ.എസ്.എ.പി.കെ.ഡി. 12/594/23 തീയ്യതി: 17/04/2023	15
2022–23	കെ.എസ്.എ.പി.കെ.ഡി. 12/1763/23 തീയ്യതി: 21/12/2023	27
2023–24	കെ.എസ്.എ.പി.കെ.ഡി. പി12/1510/2024/16.11.24	18

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

Annexure-1

Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 30-07-2025 and submitted on 31-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Sreekrishnapuram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Sreekrishnapuram Grama Panchayat as on 31-03-2025

Date: 15/10/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Sreekrishnapuram Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1. All the mandatory financial statements prescribed in Kerala Panchayat Raj Act (accounting rules) 2011 are not furnished along with the AFS.
2.The net cash generated does not match with the amount shown in the statement as Net increase in cash & cash equivqlents in the Cash flow statement
3. The KURDFC Loan amount refunded through source deduction is not accounted in AFS. Loan register not produced for audit
4. Since the advance and Deposit registers were not produced for audit the correctness of the amount in AFS cannot be ascertained.
5. Expenditure incurred to KSEB Deposit works and not adjusted as on 31-3-2025 is not included in the B-18 schedule (Loans, Advances &Deposits)of Balance sheet.
6. Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance sheet could not be ascertained.
7. Actual Receipt & Expenditure of CFC Basic and Tied grant amount doesnot match with the amount in AFS.
8. Actual Expenditure in respect of District Panchayat share differs from that of 1-6 in AFS.

DEPUTY DIRECTOR

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3
വാർഷിക കണക്ക്-സംക്ഷിപ്തം

Sreekrishnapuram Grama Panchayat RECEIPT & PAYMENT STATEMENT			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	22536758.00
Cash	Cash	RP-40(a)	47336.00
	Operating		
110000000	Tax Revenue	RP-1	1991470.00
140000000	Fees & User Charges	RP-4	3161030.00
150000000	Sale & Hire Charges	RP-5	243373.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	15222885.00
171000000	Interest Earned	RP-9	109298.00
311000000	Earmarked Funds	RP-28	1520.00
320000000	Grants, Funds & Contributions for Specific Purposes	RP-30	20563327.00
431000000	Sundry Debtors (Receivables)	RP-45	14589791.00
460000000	Loans, Advances and Deposits	RP-49	52000.00
	Non Operating		
180000000	Other Income	RP-10	10228.00
330000000	Secured Loans	RP-31	5285532.00
340000000	Deposits Received	RP-33	192289.00
350000000	Other Liabilities	RP-35	682301.00
	Grand total		**84689138.00**
	PAYMENTS		
	Operating		
140000000	Fees & User Charges	RP-4	3469.00
220000000	Administrative Expenses	RP-13	500000.00
320000000	Grants, Funds & Contributions for Specific Purposes	RP-30	14575.00
414000000	Annual plan – Capital Expences(Service Sector)	RP-41	799.00
415000000	Annual plan – Capital Expences(Infrastructure Sector)	RP-42	192650.00

431000000	Sundry Debtors (Receivables)	RP-45	14991434.00
460000000	Loans, Advances and Deposits	RP-49	1515977.00
	Non Operating		
340000000	Deposits Received	RP-33	79851.00
350000000	Other Liabilities	RP-35	36013997.00

	Closing Balance		
Bank	Bank	RP-40(b)	31361057 .00
Cash	Cash	RP-40(b)	15329.00
	Grand Total		**84689138.00**

Sreekrishnapuram Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2024 to 31-March-2025

Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	7180750.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	893146.00
140000000	Fee & User Charges	I-4	3357710.00
150000000	Sale & Hire Charges	I-5	239025.00
151000000	Receipts from Transferred Institutions	I-5(A)	0.0
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	141328842.00
170000000	Income from Investments	I-7	0.0
171000000	Interest Earned	I-8	109298.00
180000000	Other Income	I-9	10228.00
190000000	Prior Period Income	I-19	89267.00
	Total Income		**153118999.00**
	EXPENDITURE		
210000000	Establishment Expenses	I-10	10419195.00
220000000	Administrative Expenses	I-11	1807616.00
230000000	Operations & Maintenance	I-12	1518240.00
240000000	Interest & Finance Charges	I-13	2590.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	8194460.00

251000000	Decentralised Plan Programme–Service Sector	I–14(A)	37256059.00
252000000	Decentralised Plan Programme–Infrastructure Sector	I–14(B)	9004228.00
253000000	Decentralised Plan Programme–Projects not included in Sector Division	I–14(C)	18664193.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I–14(D)	58117100.00
255000000	Maintenance Projects	I–14(E)	0.0
256000000	Other Revenue Grants and Funds – Revenue Expenses	I–14(F)	1569941.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I–15	0.0
270000000	Provisions and Write off	I–16	0.0
271000000	Miscellaneous Expenses on Disposal of Assets and Investments	1–17	0.0
272000000	Depreciation	I–l 7(A)	16928482.00
	Total Expenditure		163482104.00
	Gross Surplus / Deficit of income over Expenditure		–10363105.00
	Gross Surplus / Deficit of income over Expenditure		–10911020.00
290000000	Transfer to Reserve Funds/Prior Period Item(ILGMS)	1–18	637182.00
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		–547915.00

Sreekrishnapuram Grama Panchayat
BALANCE SHEET

As on 31–March–2025

Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B–1	–2577536.65
311000000	Earmarked Funds – Special Funds/Sinking Fund/Trust or Agency Fund	B–2	95550.00
312000000	Reserves	B–3	163902373.00
	Total Reserve & Surplus		161420386.35
	Grants, Contributions for Specific Purposes		

320000000	Grants, Funds & Contribution for Specific Purposes	B-4	22891688.00
	Total Grants, Contributions for Specific Purposes		22891688.00
	Loans		
330000000	Secured Loans	B-5	14709632.00
331000000	Unsecured Loans	B-6	0.0
	Total Loans		14709632.00
	Current Liabilities & Provisions		
340000000	Deposits Received	B-7	1163505.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	2304194.65
360000000	Provisions	B-10	0.0
	Total Current Liabilities and Provisions		3467699.65
	TOTAL LIABILITIES		202489406.00
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	401512.00
412000000	Capital Work in Progress	B-ll(b)	0.0
413000000	Annual Plan - Capital Expences (Productive Sector)	Bll-(c)	652645.00
414000000	Annual Plan - Capital Expences (Service Sector)	Bll-(d)	14299243.00
415000000	Annual Plan - Capital Expences (Infrastructure Sector)	Bll-(e)	185314166.00
416000000	Accumulated Depreciation	B-ll(a)	-70035958.00
	Total Fixed Assets		130631608.00
	Investments		
420000000	Investments-General Fund	B-12	1338524.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		1338524.00
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	15428458.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	15587015.00
450000000	Cash and Bank Balance	B-17	31376386.00
460000000	Loans, Advances and Deposits	B-18	8127415.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0

	Total Current Assets, Loans and Advances		70519274.00
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		0.0
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		0.0
	TOTAL ASSETS		202489406.00